2023
SEPTEMBER
25
MON DAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## സംവിധായകൻ കെ. ജി. ജോർജ് അന്തരിച്ചു



**കൊച്ചി:** എഴുപതുകളിലും എൺപതുകളിലും വിപ്ലവകരമായ ചലച്ചിത്ര സൃഷ്ടികളിലൂടെ മലയാളിയുടെ മനസ്സിലേക്കു നടന്നു കയറിയ പ്രശസ്ത സംവിധായകൻ കെ.ജി. ജോർജ് (78) അന്തരിച്ചു. എറണാകുളം കാക്കനാട്ടെ വയോജന കേന്ദ്രത്തിലായിരുന്നു അന്ത്യം. പക്ഷാഘാതത്തെ തുടർന്ന് ചികിത്സയിലായിരുന്നു. വാർധക്യസഹജമായ അസുഖങ്ങളും അലട്ടിയിരുന്നു. യവനിക, പഞ്ചവടിപ്പാലം, ഇരകൾ, ആദാമിന്റെ വാരിയെല്ല് തുടങ്ങിയ ചിത്രങ്ങളിലൂടെ തൊട്ടതെല്ലാം പൊന്നാക്കിയാണു മലയാള സിനിമയിൽ അദ്ദേഹം ചുവടുറപ്പിച്ചത്. സ്വപ്നാടനം എന്ന ആദ്യ ചിത്രത്തിനു തന്നെ ദേശീയ പുരസ്കാരം തേടിയെത്തി. 40 വർഷത്തിനിടെ 19 സിനിമകളാണ് സംവിധാനം ചെയ്തത്.ഗായകനും നടനുമായ പാപ്പുക്കുട്ടി ഭാഗവതരുടെ മകളും ഗായികയുമായ സൽമയാണ് ഭാര്യ. 1977 ഫെബ്രവരി ഏഴിനായിരുന്നു വിവാഹം. ശരദിന്ദു മലർദീപ നാളം നീട്ടി (ഉൾക്കടൽ) എന്ന ഹിറ്റ് ഗാനം ആലപിച്ചത് സൽമയാണ്.നടൻ മോഹൻ ജോസ് ഭാര്യാ സഹോദരനാണ്. അരുൺ, താര എന്നീ രണ്ടു മക്കൾ.

## സ്വർണത്തിന് ഇ വേ ബിൽ നടപ്പാക്കാതെ സർക്കാർ

**തിരുവനന്തപുരം:** വൻതോതിൽ നികുതി വെട്ടിപ്പു നടക്കുന്ന സ്വർണത്തിന് ഇ വേ ബിൽ നടപ്പാക്കാൻ തയാറാകാതെ സംസ്ഥാന സർക്കാർ. മന്ത്രി കെ.എൻ.ബാലഗോപാലിന്റെ അധ്യക്ഷതയിലുള്ള ജിഎസ്ടി ഉപസമിതിയാണ് സ്വർണത്തിന് ഇ വേ ബിൽ നടപ്പാക്കണമെന്ന ശുപാർശ ജിഎസ്ടി കൗൺസിലിനു കൈമാറിയത്. ഈ നിർദേശം ജിഎസ്ടി കൗൺസിൽ അംഗീകരിച്ചു മാസങ്ങൾ കഴിഞ്ഞിട്ടും വിജ്ഞാപനം ഇറക്കാൻ മടിക്കുകയാണ് സർക്കാർ. എത്ര രൂപയ്ക്കു മുകളിലെ സ്വർണ ഇടപാടുകൾക്ക് ഇ വേ ബിൽ ഏർപ്പെടുത്തണമെന്നതു സംബന്ധിച്ച തർക്കമാണ് തീരുമാനം വൈകിപ്പിക്കുന്നത്. സ്വർണത്തിന് ഇ വേ ബിൽ നടപ്പാക്കരുതെന്നാണ് വ്യാപാരികളിൽ ഒരു പക്ഷത്തിന്റെ ആവശ്യം. നടപ്പാക്കുകയാണെങ്കിൽ 10 ലക്ഷത്തിനു മേലുള്ള ഇടപാടുകൾക്കു മാത്രം ബാധകമാക്കിയാൽ മതിയെന്നും വ്യാപാരികൾ ആവശ്യപ്പെട്ടിട്ടുണ്ട്.

2 ലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള സ്വർണത്തിന് ഇ വേ ബിൽ നടപ്പാക്കാനാണ് സംസ്ഥാന സർക്കാർ തുടക്കത്തിൽ ആലോചിച്ചിരുന്നത്. എന്നാൽ, വ്യാപാരികളുടെ ആവശ്യം കണക്കിലെടുത്ത് ഇത് 5 ലക്ഷമാക്കി വർധിപ്പിക്കാമെന്ന തരത്തിലെ ചർച്ചകളാണു പുരോഗമിക്കുന്നത്. അന്തിമ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ലെന്ന് ജിഎസ്ടി വകുപ്പ് അധികൃതർ വ്യക്തമാക്കി. വൈകാതെ ഇതു സംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങുമെന്നാണു സൂചന. ഇ വേ ബിൽ പരിധി സംസ്ഥാനങ്ങൾക്കു തീരുമാനിക്കാമെന്നായിരുന്നു ജിഎസ്ടി കൗൺസിലിൽ ഉണ്ടായ ധാരണ. സ്വർണത്തിന്റെ സഞ്ചാര പാത പുറത്താകാതിരിക്കാനാണ് ഇ വേ ബില്ലിൽ സ്വർണ വ്യാപാരികൾക്കു മാത്രം നേരത്തേ ഇളവ് അനുവദിച്ചിരുന്നത്.

# പെട്രോൾ, ഡീസൽ കയറ്റുമതി നിർത്തി റഷ്യ

**മോസ്കോ:** രാജ്യത്തെ ദൗർലഭ്യം പരിഹരിക്കാനും വില നിയന്ത്രിക്കാനുമായി പെട്രോളിന്റെയും ഡീസലിന്റെയും കയറ്റുമതി നിരോധിക്കാനുള്ള റഷ്യയുടെ തീരുമാനത്തിനു പിന്നാലെ രാജ്യാന്തര വിപണിയിൽ ക്രൂഡ് വില ഉയർന്നു. ഇതോടെ ബ്രെന്റ് ക്രൂഡ് വില ബാരലിന് 94 ഡോളർ കടന്നു. യൂറോപ്പിലുൾപ്പെടെ പെട്രോൾ, ഡീസൽ വിലകളും ഉയർന്നു.




യൂറോപ്പിൽ 5 ശതമാനമാണ് ഡീസൽ വില ഉയർന്നത്. യൂറേഷ്യൻ ഇക്കണോമിക് യൂണിയനിൽപ്പെടുന്ന രാജ്യങ്ങൾക്കൊഴികെ ഇന്ധനം നൽകേണ്ടെന്നാണ് റഷ്യയുടെ തീരുമാനം. ബെലാറൂസ്, കസക്കിസ്ഥാൻ, അർമീനിയ, കിർഗിസ്ഥാൻ എന്നിവയാണ് യൂണിയനിലുള്ളത്.

ഒപെക് രാജ്യങ്ങൾക്കൊപ്പം ക്രൂഡ് ഉൽപാദനവും റഷ്യ വെട്ടിക്കുറച്ചിരുന്നു. ലോകത്തിലെ ഏറ്റവും വലിയ ഡീസൽ വിതരണ രാജ്യങ്ങളിലൊന്നാണ് റഷ്യ. കേന്ദ്രബാങ്കുകൾ പലിശനിരക്കുകൾ വെട്ടിക്കുറച്ച് വിലക്കയറ്റം പിടിച്ചുകെട്ടാൻ പാടുപെടുമ്പോഴാണ് റഷ്യയുടെ കുടുത്ത തീരുമാനം. ക്രൂഡ് വില 100 ഡോളർ വരെ കടന്നേക്കുമെന്നാണ് വിലയിരുത്തലുകൾ. കഴിഞ്ഞ ജൂണിനുശേഷം എണ്ണവില 30% ഉയർന്നിട്ടുണ്ട്.



## ലാപ്ടോപ് ഇറക്കുമതി നിയന്ത്രണം ഒരു വർഷത്തേക്ക് മരവിപ്പിച്ചേക്കും

**ന്യൂഡൽഹി:** വിദേശത്തുനിന്നുള്ള ലാപ്ടോപ്, പഴ്സനൽ കംപ്യൂട്ടർ (പിസി), ടാബ്‌ലെറ്റ് അടക്കമുള്ളവ ഇറക്കുമതി ചെയ്യുന്നതിന് ഒരു വർഷത്തേക്കു നിയന്ത്രണമുണ്ടാകില്ല. കേന്ദ്രം ഓഗസ്റ്റിൽ ഏർപ്പെടുത്തിയ ഇറക്കുമതി നിയന്ത്രണം നടപ്പാക്കുന്നത് ഒരു വർഷം നീട്ടിവയ്ക്കാൻ ധാരണയായി. ഇതുസംബന്ധിച്ച ഉത്തരവ് വൈകാതെ ഇറങ്ങിയേക്കും. ലാപ്ടോപ് കമ്പനികളുടെ പ്രതിനിധികളുമായി കേന്ദ്ര ഐടി സഹമന്ത്രി രാജീവ് ചന്ദ്രശേഖർ നടത്തിയ ചർച്ചയിലാണ് തീരുമാനം.

ഇതോടെ വിപണിയിൽ ഒരു വർഷത്തേക്ക് ലാപ്ടോപ്പുകളുടെ ലഭ്യത കുറയാനും, വിലകൂടാനുമുള്ള സാധ്യത ഒഴിവായി. ഇന്ത്യയിൽ തന്നെ ലാപ്ടോപ് അസംബ്ലിങ് പദ്ധതികൾ ആവിഷ്കരിക്കാൻ കമ്പനികൾക്ക് കൂടുതൽ സമയവും ലഭിക്കും.വിദേശത്തുനിന്നുള്ള ലാപ്ടോപ്, പഴ്സനൽ കംപ്യൂട്ടർ (പിസി), ടാബ്!ലെറ്റ് അടക്കമുള്ളവയുടെ ഇറക്കുമതിക്ക് കേന്ദ്രം നിയന്ത്രണം ഏർപ്പെടുത്തിയത് ഓഗസ്റ്റ് ആദ്യവാരമാണ്. അപ്രതീക്ഷിതമായി ഇറങ്ങിയ ഉത്തരവ് വിപണിയിൽ കാര്യമായ പ്രത്യാഘാതമുണ്ടാക്കുമെന്ന് വിമർശനമുയർന്നിരുന്നു.

തുടർന്ന് 3 മാസത്തേക്ക് തീരുമാനം മരവിപ്പിച്ചു. നവംബർ 1 മുതൽ നിയന്ത്രണം പ്രാബല്യത്തിൽ കൊണ്ടുവരാനാണ് തീരുമാനിച്ചതെങ്കിലും കമ്പനികൾ കൂടുതൽ സാവകാശം ആവശ്യപ്പെടുകയായിരുന്നു.ചൈനയിൽ നിന്നുള്ള ലാപ്ടോപ് ഇറക്കുമതിയെ ചെറുക്കുകയെന്നതാണ് കേന്ദ്രത്തിന്റെ പരോക്ഷ ലക്ഷ്യം. കംപ്യൂട്ടറിന് ആവശ്യമായ ഘടകങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് നിയന്ത്രണമില്ല. ഇവ ഉപയോഗിച്ച് ഇന്ത്യയിൽ തന്നെ അസംബ്ലി ചെയ്യണമെന്നതാണ് കേന്ദ്രം കമ്പനികൾക്കു നൽകുന്ന സന്ദേശം.



# പത്തനംതിട്ട ജില്ലയിലെ ഒന്നര ലക്ഷം കുടുംബശ്രീ അംഗങ്ങൾ തിരികെ സ്കൂളിലേക്ക്

**പത്തനംതിട്ട:** 25 വർഷം പിന്നിട്ട കുടുംബശ്രീ സംഘടനാ സംവിധാനത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പുതിയ കാലത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി നൂതന പദ്ധതികൾ ഏറ്റെടുക്കാൻ പ്രാപ്തമാക്കുന്നതിന വേണ്ടി വിദ്യാഭ്യാസ വകുപ്പിന്റെ ഭൗതിക സഹായത്തോടെ കുടുംബശ്രീ നടപ്പാക്കുന്ന കുടുംബശ്രീ ശാക്തീകരണ പരിപാടിയാണ് തിരികെ സ്കൂളിൽ. പരമ്പരാഗത പരിശീലന പരിപാടികളിൽ നിന്ന് വ്യത്യസ്തമായി സ്കൂളിലേക്ക് ചെല്ലുന്ന രീതിയാണ് ഈ പരിശീലനത്തിൽ അവലംബിച്ചിരിക്കുന്നത്. ജില്ലയിലെ 58 സിഡിഎസുകൾക്ക് കീഴിലുള്ള 920 എഡിഎസ് പരിധിയിൽപ്പെട്ട 10677 അയൽകൂട്ടങ്ങളിൽ 160707 അയൽക്കൂട്ട അംഗങ്ങൾ ഇതിന്റെ ഭാഗമാകും.



ഓരോ പ്രദേശത്തും കണ്ടെത്തുന്ന വിദ്യാലയങ്ങളിലേക്ക് അയൽക്കൂട്ടങ്ങൾ എത്തിച്ചേരും. പൂർണമായും ഒരു ദിവസം മുഴുവനും സ്കൂളിൽ ചിലവഴിക്കുന്ന തരത്തിലാണ് പരിശീലനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. രാവിലെ 9. 30 ന് ആരംഭിക്കുന്ന സ്കൂൾ അസംബ്ലിയ്ക്ക് ശേഷം അഞ്ച് വിഷയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ക്ലാസുകൾ നടക്കും.ഇടവേളകളിൽ കലാപരിപാടികൾ അവതരിപ്പിക്കാനുള്ള സമയവും ഉണ്ടാവും. സ്കൂൾ ബാഗും,ചോറ്റുപാത്രവും, വെള്ളവും ഒക്കെയായി സ്കൂളിലെത്തുന്ന വിദ്യാർത്ഥിനികൾക്ക് ജനകീയ കൂട്ടായ്മയിലൂടെ ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്നതിനും തയ്യാറായിട്ടുള്ള എഡിഎസ് സംവിധാനങ്ങളുമുണ്ട്. ഓരോ പ്രദേശത്തും ഈ പരിപാടിയുടെ വിജയത്തിനായി സംഘാടകസമിതികളും ബാലസഭ കുട്ടികളുടെയും ഓക്സിലറി ഗ്രൂപ്പുകളുടെയും നേതൃത്വത്തിലുള്ള പ്രചരണ പരിപാടികളും നടക്കും.

ഒക്ടോബർ ഒന്നു മുതൽ ഡിസംബർ 10 വരെയുള്ള ഒഴിവുദിവസങ്ങളിൽ ആണ് സ്കൂളുകൾ ചേരുന്നത്. തിരികെ സ്കൂൾ ജില്ലാ തല ഉദ്ഘാടനം ഒക്ടോബർ ഒന്നിന് അടൂർ ബോയ്സ് സ്കൂളിൽ നടക്കും. 25, 26 തീയതികളിലായി മുഴുവൻ ബ്ലോക്കുകളിലും തെരഞ്ഞെടുത്ത അധ്യാപകർക്കുള്ള പരിശീലനം നടത്തും. ജില്ലാ തലത്തിലുള്ള പരിശീലനം മലയാലപ്പുഴ പഞ്ചായത്ത് ഹാളിൽ ആരംഭിച്ചു. ജില്ലാമിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ ശ്രീമതി ബിന്ദു രേഖ ഫ്ലാഗ് ഓഫ് ചെയ്തു ഉദ്ഘാടനം നിർവഹിച്ചു. കുടുംബശ്രീ മിഷൻ സംസ്ഥാന പരിശീലകൻ രതീഷ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ജില്ലാ പ്രോഗ്രാം മാനേജർമാരായ പി.ആർ അനൂപ , അനിത കെ നായർ, ഷീബ, ഷിജു എം സാംസൺ എന്നിവർ സംസാരിച്ചു. ബ്ലോക്ക് തല ഉദ്യോഗസ്ഥർ, ട്രെയിനിങ് ടീം അംഗങ്ങൾ തുടങ്ങിയവർ പരിശീലനത്തിൽ പങ്കാളികളായി.

## സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് 2024: ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 25 വരെ

**തിരുവനന്തപുരം:** ഹയർ സെക്കണ്ടറി, നോൺ വൊക്കേഷണൽ ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനത്തിന് കേരള സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സംസ്ഥാനതല യോഗ്യതാ നിർണ്ണയ പരീക്ഷയായ സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) നുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 25 വരെ. എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയെയാണ് പരീക്ഷാ നടത്തിപ്പിനു ചുമതലപ്പെടുത്തിയിരിക്കുന്നത്. സെറ്റ് ജനുവരി 2024ന്റെ പ്രോസ്പെക്ടസും, സിലബസും എൽ ബി എസ് സെന്ററിന്റെ വെബ് സൈറ്റിൽ ലഭിക്കും.

ബിരുദാനന്തര ബിരുദ പരീക്ഷയിൽ 50% ത്തിൽ കുറയാതെ മാർക്ക് അല്ലെങ്കിൽ തത്തുല്യ ഗ്രേഡും, ബി.എഡ്ഉം ആണ് അടിസ്ഥാന യോഗ്യത. ചില പ്രത്യേക വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുള്ളവരെ ബി.എഡ്. വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. LTTC, DLED തുടങ്ങിയ ട്രെയിനിംഗ് കോഴ്സുകൾ വിജയിച്ചവരെ സെറ്റിന് പരിഗണിക്കുന്നതാണ്.എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർക്കും പി.ഡബ്ലിയു.ഡി. വിഭാഗത്തിൽപ്പെടുന്നവർക്കും ബിരുദാനന്തര ബിരുദത്തിന് 5% മാർക്കിളവ് അനുവദിച്ചിട്ടുണ്ട്.

പോസ്റ്റ് ഗ്രാജുവേറ്റ് ബിരുദം മാത്രം നേടിയവർ ബി.എഡ് കോഴ്സ് അവസാന വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർ ആയിരിക്കണം, അവസാനവർഷ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സ് പഠിക്കുന്നവർക്ക് ബി.എഡ്. ബിരുദം ഉണ്ടായിരിക്കണം, ഈ നിബന്ധന പ്രകാരം സെറ്റ് പരീക്ഷ എഴുതുന്നവർ അവരുടെ പി.ജി./ബി.എഡ്. പരീക്ഷയുടെ നിശ്ചിത യോഗ്യത സെറ്റ് പരീക്ഷയുടെ ഫലം പ്രഖ്യാപിച്ച തീയതി മുതൽ ഒരു വർഷത്തിനകം നേടിയിരിക്കണം. അല്ലാത്തപക്ഷം അവരെ ആ ചാൻസിൽ സെറ്റ് പരീക്ഷ പാസായതായി പരിഗണിക്കില്ല.

ജനറൽ/ഒ.ബി.സി. വിഭാഗങ്ങളിൽപ്പെടുന്നവർ പരീക്ഷാ ഫീസിനത്തിൽ 1000 രൂപയും, എസ്.സി./എസ്.ടി./പി.ഡബ്ലിയു.ഡി. എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർ 500 രൂപയും ഓൺലൈൻ ആയി ഒടുക്കേണ്ടതാണ്.പി.ഡബ്ലിയു.ഡി. വിഭാഗത്തിൽപെടുന്നവർ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, എസ്.സി./എസ്.ടി./ വിഭാഗങ്ങളിൽപ്പെടുന്നവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ, ഒ.ബി.സി. നോൺ ക്രീമിലെയർ വിഭാഗത്തിൽപ്പെടുന്നവർ നോൺക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ (2022 സെപ്റ്റംബർ 26 നും 2023 ഒക്ടോബർ 25 നും ഇടയിൽ ലഭിച്ചതായിരിക്കണം.) എന്നിവ സെറ്റ് പാസ്സാകുന്ന പക്ഷം അപേക്ഷയോടൊപ്പം ഹാജരാക്കണം.

പി.ഡബ്ലിയു.ഡി. വിഭാഗങ്ങളിൽപ്പെടുന്നവർ മാത്രം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓൺ ലൈൻ അപേക്ഷയോടൊപ്പം ഒക്ടോബർ 30 ന് മുമ്പ് തിരുവനന്തപുരം എൽ ബി എസ് സെന്ററിൽ ലഭിക്കത്തക്കവിധം അയക്കണം. സെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ നിർബന്ധമായും എൽ ബി എസ് സെന്ററിന്റെ വെബ് സൈറ്റിൽ 'ഓൺലൈൻ' ആയി രജിസ്റ്റർ ചെയ്തിരിക്കണം. കൂടുതൽ വിവരങ്ങൾ www.lbscetnre.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

## സ്നേഹധാര പദ്ധതിയിൽ ഒഴിവുകൾ

**തിരുവനന്തപുരം:** ജില്ലാപഞ്ചായത്തിന്റെ സ്നേഹധാര പദ്ധതിയിൽ മെഡിക്കൽ ഓഫീസർ,ഫാർമസിസ്റ്റ്,ഫീമെയിൽ തെറാപ്പിസ്റ്റ്,സ്പീച്ച് തെറാപ്പിസ്റ്റ്,മൾട്ടി പർപ്പസ് വർക്കർ എന്നീ തസ്തികകളിലേക്ക് നിയമനം നടത്തുന്നു. എം.ഡി, ടി.സി.എം.സി കൗൺസിൽ രജിസ്ട്രേഷൻ ഉള്ളവർക്ക് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് അപേക്ഷിക്കാം.ഫീമെയിൽ തെറാപ്പിസ്റ്റ്,ഫാർമസിസ്റ്റ് തസ്തികകളിലേക്ക് പത്താം ക്ലാസ്സും, കേരള സർക്കാർ നടത്തുന്ന ആയുർവേദ തെറാപ്പി കോഴ്സ്,ഫാർമസി കോഴ്സ് ജയവുമാണ് യോഗ്യത. ബി.എ.എസ്.എൽ.പി യോഗ്യതയുള്ളവർക്ക് സ്പീച്ച് തെറാപ്പിസ്റ്റ് ഒഴിവിലേക്കും ഏഴാം ക്ലാസ്സ് ജയിച്ചവർക്ക് മൾട്ടി പർപ്പസ് വർക്കർ ഒഴിവിലേക്കും അപേക്ഷിക്കാം.

താല്പര്യമുള്ളവർ വിശദമായ ബയോഡേറ്റയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പകർപ്പും അടങ്ങിയ അപേക്ഷ ഭാരതീയ ചികിത്സ വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കണം. അവസാന തീയതി സെപ്റ്റംബർ 26 വൈകിട്ട് 5 മണി വരെ.കൂടുതൽ വിവരങ്ങൾക്ക് 04712320988.



# മാലിന്യമുക്തം നവകേരളം ഒക്ടോബർ രണ്ട് മുതൽ ദശദിന പരിപാടി

**തിരുവനന്തപുരം:** മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഒക്ടോബർ രണ്ട് മുതൽ ദശദിന പരിപാടി സംഘടിപ്പിക്കാൻ ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് യോഗത്തിൽ തീരുമാനം. ഒക്ടോബർ രണ്ടിന് ജില്ലയിൽ വ്യാപകമായി മെഗാ ശുചീകരണ പരിപാടികൾ സംഘടിപ്പിക്കും. പൊതുസ്ഥലങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, കോളെജുകൾ, വീടുകൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ശുചീകരണം നടത്തും. ഇതിന് മുന്നോടിയായി പ്രത്യേക അയൽക്കൂട്ടങ്ങളും ബാലസഭകളും ചേരും. വലിച്ചെറിയൽ മുക്ത അയൽക്കൂട്ടഭവനങ്ങൾ, ഹരിത കർമ്മ സേനക്ക് 100 ശതമാനം യൂസർ ഫീ നൽകൽ, ഹരിത കർമ്മസേനക്ക് അജൈവ മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ചു നൽകൽ, മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നവരുടെ വിവര ശേഖരണം, മാലിന്യമുക്ത നവകേരളത്തിനായി എന്റെ അയൽക്കൂട്ടത്തിന് എന്ത് ചെയ്യാനാവും എന്ന ചർച്ച എന്നിവ ലക്ഷ്യമിട്ടാണ് പ്രത്യേക അയൽകൂട്ടം ചേരുന്നത്.

ഇതിനുപുറമെ പൊതു ഇടങ്ങളുടെ ശുചീകരണത്തിൽ ജലാശയങ്ങളുടെ ശുചീകരണത്തിന് പ്രാധാന്യം നൽകും. ഹരിത കർമ്മസേന അംഗങ്ങളുടെ എണ്ണം വർധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും യുവജനങ്ങൾ, എൻ.എസ്.എസ്, എൻ.സി.സി, എസ്.പി.സി എന്നിവരുടെ സേവനങ്ങൾ ക്യാമ്പയിനിൽ കൂടുതൽ ശക്തമാക്കാനും യോഗത്തിൽ തീരുമാനമായി. സെപ്റ്റംബർ 26 ന് ജില്ലാ ക്യാമ്പയിൻ സെൽ അംഗങ്ങളുടെ ആഭിമുഖ്യത്തിൽ ബൈക്ക് റാലി സംഘടിപ്പിക്കും. യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ വി. പ്രദീപ് കുമാർ, നവകേരളം കോഓർഡിനേറ്റർ , സെക്രട്ടറിയേറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# നമുക്കും വഴങ്ങും വാഴയിലക്ക്യഷി; രണ്ടാം വർഷം എണ്ണം ഇരട്ടിയെത്തും



കോയമ്പത്തൂരിലും തൂത്തുക്കുടിയിലുമെല്ലാം ഒട്ടേറെ കർഷകർ ഇലവാഴക്കൃഷിയിലേക്കു കളം മാറ്റുന്നു. ഇലയ്ക്കു മികച്ച വിലയും വിപണിയും ഉള്ളതു മാത്രമല്ല കാരണം. കേരളത്തിലെപ്പോലെ അവിടെയുമിന്നു തൊഴിലാളികൾക്കു ക്ഷാമമാണ്. തേങ്ങ ഉൾപ്പെടെ പ്രധാന വിളകളുടെ വിലയിടിവും പ്രശ്നമാണ്. ഈ സാഹചര്യത്തിൽ, അധികം തൊഴിലാളികൾ ആവശ്യമില്ലാത്തതും ഉൽപാദന ച്ചെലവു കുറഞ്ഞതും സ്ഥിര വില ലഭിക്കുന്നതുമായ ഇനങ്ങളിലേക്കു തിരിയുകയാണ് പലരും. ഇലവാഴക്കൃഷിയിൽ കുലയ്ക്കായി കൃഷി ചെയ്യുന്നത്ര ചെലവോ നഷ്ടസാധ്യതയോ ഇല്ല. മിക്ക കൃഷിയിടങ്ങളിലും തുള്ളിനന സംവിധാന മുള്ളതിനാൽ നനയ്ക്ക് അധ്വാനമില്ല. താങ്ങുകാലു വേണ്ട, കാറ്റിനെയും പേടിക്കേണ്ട.

അങ്ങനെയെങ്കിൽ എന്തുകൊണ്ട് നമുക്കും ഇലവാഴക്കൃഷിയിൽ കൈവച്ചു കൂടാ? സംസ്ഥാനത്ത് ഒറ്റയ്ക്കും തെറ്റയ്ക്കും ഇലവാഴക്കൃഷി ചെയ്യുന്നവരുണ്ട്. വിലയിലോ വിപണിയിലോ അവർക്ക് ആശങ്കയില്ല.

വിവാഹ മാമാങ്കങ്ങളും സമൂഹസദ്യകളുമെല്ലാം നാട്ടിൽ കൂടിവരുന്നത് ഇലവാഴക്കൃഷിക്കു സാധ്യത യേറ്റുന്നു. തരിശുഭൂമികളിലൊക്കെ ഇലവാഴ പരീക്ഷിക്കാം. കീടങ്ങളെയോ വന്യമൃഗങ്ങളെയോ ഭയക്കേണ്ടതില്ല. നേന്ത്രവാഴ ഏക്കറിന് 700,800 എണ്ണമെങ്കിൽ ഇലവാഴ കുറഞ്ഞത് 1200 എണ്ണം നടാം. കന്നിൽനിന്നു മുളയ്ക്കുന്ന തൈകൾ കൂടി ചേരുമ്പോൾ രണ്ടാം വർഷം തോട്ടത്തിലെ വാഴകളുടെ എണ്ണം 3,4 ഇരട്ടിയെത്തും.

ഇതിനർഥം കൃഷിക്കാരെല്ലാം ഇലവാഴക്കൃഷിയിലേക്ക് ചാടിയിറങ്ങണമെന്നല്ല, കൃഷിയനു കൂല സാഹചര്യവും പ്രാദേശിക വിപണനസാധ്യതകളുമുള്ള പ്രദേശങ്ങളിൽ പരീക്ഷിക്കാം.



# മാലിന്യമുക്തിക്ക് കൂൺ

വലിയ പ്രശ്നമാണു മാലിന്യവും അതിൻറെ സംസ്കരണവും. പലയിടത്തും ജൈവമാലിന്യങ്ങൾ പോലും സംസ്കരിക്കാനുള്ള മാർഗങ്ങളില്ല. അങ്ങനെയുള്ള സാഹചര്യത്തിലാണു കൂൺ ഉപയോഗിച്ചുള്ള സുസ്ഥിരവും ചെലവ് കുറഞ്ഞതുമായ ജൈവമാലിന്യ സംസ്കരണം ശ്രദ്ധേയമാകുന്നത്.

ജൈവമാലിന്യങ്ങൾ വിഘടിപ്പിക്കാനും അതിനെ പോഷകസമൃദ്ധമായ മണ്ണാക്കി മാറ്റാനും കൂണുകൾക്കു സ്വാഭാവികമായ കഴിവുണ്ട്. ഈ കഴിവ് ഉപയോഗിച്ചാണു കൂൺ അടിസ്ഥാനമാക്കിയുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിക്കുന്നത്.

ഈ സംവിധാനങ്ങളിൽ ജൈവമാലിന്യങ്ങൾ കൂൺ വിത്തുമായി കലർത്തി അഴുകാൻ അനുവദിക്കുന്നതാണു രീതി. അതുവഴിയുണ്ടാകുന്ന പോഷകങ്ങൾ മണ്ണിനെ സന്പുഷ്ടമാക്കാനോ മറ്റു വിളകൾക്കു വളമായി നൽകാനോ ഉപയോഗിക്കാം.

ചില കൂണുകൾക്ക് ഈയം, കാഡ്മിയം, മെർക്കുറി തുടങ്ങിയ വിഷലോഹങ്ങളെയും മാലിന്യങ്ങളെയും ആഗീരണം ചെയ്തു മണ്ണിനെ ഫലഭൂഷ്ഠമാക്കാൻ കഴിയും. ഇവ ഉത്പാദിപ്പിക്കുന്ന എൻസൈമിന് സങ്കീർണമായ സംയുക്തങ്ങളെ ലളിതമായ സംയുക്തങ്ങളാക്കി മാറ്റാനും പെട്രോളിയം ഉത്പന്നങ്ങളിലെ ഹൈഡ്രോ കാർബണുകളെ തകർക്കാനും കഴിയും.

മാലിന്യങ്ങളിൽ നിന്നു വിഷ വസ്തുക്കളെ നീക്കം ചെയ്യുന്ന പ്രകൃതിദത്ത ഫിൽട്ടറുകളായാണ് ഇവ പ്രവർത്തിക്കുന്നത്. ബയോ റെമെഡിയേഷൻ എന്നാണ് ഇത് അറിയപ്പെടുന്നത്.

കമ്പോസ്റ്റ് കൂമ്പാരങ്ങളിൽ കൂൺ തന്തുക്കൾ (മൈസീലിയം) ചേർത്താൽ വിഘടന പ്രക്രിയയുടെ വേഗത കൂടുകയും പോഷക സന്പുഷ്ടമായ കമ്പോസ്റ്റ് ഉണ്ടാകുകയും ചെയ്യും.

വൈക്കോൽ, കോഫി ഗ്രൗണ്ടുകൾ, പച്ചക്കറി അവശിഷ്ടങ്ങൾ, പേപ്പർ ഉത്പന്നങ്ങൾ തുടങ്ങിയ ജൈവമാലിന്യങ്ങൾ ശേഖരിച്ചു കൂൺ വിത്തുമായി യോജിപ്പിച്ചശേഷം മിശ്രിതം കന്പോസ്റ്റ് കുഴിയിൽ നിറച്ച് കൂന്പാരമാക്കുക. ഈർപ്പവും നല്ല വായു സഞ്ചാരവും ഉറപ്പാക്കണം.

ആഴ്ചകൾകൊണ്ടു മൈസീലിയം വളരും. മാലിന്യം പൂർണമായി വിഘടിച്ചു കഴിഞ്ഞാൽ കന്പോസ്റ്റായി മാറും.

കാപ്പി തോട്ടങ്ങളിലെ മാലിന്യം, കാർഷികവശിഷ്ടങ്ങൾ, ഗോതന്പ്, തവിട്, കാപ്പി, വാഴയില തുടങ്ങിയവയെല്ലാം കൂൺ കൃഷിയുടെ മാധ്യമമായി ഉപയോഗിക്കാം.

ചില ഫാമുകളിൽ മൃഗങ്ങളുടെ അവശിഷ്ടങ്ങൾ വിഘടിപ്പിച്ചു കന്പോസ്റ്റാക്കി മാറ്റാനും പേപ്പർ മാലിന്യം സംസ്കരിക്കാനും കൂൺ ഉപയോഗിക്കുന്നുണ്ട്.

കൂൺ വിളവെടുപ്പിനു ശേഷം അവശേഷിക്കുന്ന വസ്തുക്കളെ മറ്റു കൃഷിക്ക് ഉപയോഗിക്കാം. ഉപയോഗിച്ച മാധ്യമവും മൈസീലിയവും മാത്രമേ ഇതിലുണ്ടാകൂ. പോഷകങ്ങൾ കുറവായതിനാൽ വീണ്ടും കൂൺ കൃഷിക്ക് ഉപയോഗിക്കാനാവില്ല.

എന്നാൽ, പോഷകസന്പുഷ്ടമായ കന്പോസ്റ്റ് ഉണ്ടാക്കാം. വളം, മണ്ണ്, കണ്ടീഷണർ ബയോ എനർജി ഉത്പാദനത്തിനുള്ള



ഫീഡ്സ്റ്റോക്ക് എന്നിങ്ങനെ പലതരം ആവശ്യങ്ങൾക്ക് ഇത് ഉപയോഗിക്കാം. കൃഷി ഭൂമിയുടെ ഫലഭൂഷ്ഠത, ജലസംഭരണ ശേഷി, വിളവ് എന്നിവ വർധിപ്പിക്കാൻ ഇവയ്ക്കു കഴിവുണ്ട്.

ബയോചാർ, ബയോഗ്യാസ് എന്നിവയുണ്ടാക്കാനും ഇത് ഉപയോഗിക്കാം. ഇതിൽ ചജഗ ഉള്ളതിനാൽ രാസവളങ്ങളുടെ ഉപയോഗം കുറയ്ക്കുകയും ചെയ്യാം. കാർബൺ ധാരാളമായുള്ള മാധ്യമങ്ങളിൽ കൂൺ വളർത്തിയാൽ കാർബൺ പിടിച്ചെടുത്തു മണ്ണിൽ കൊടുക്കും.

ഹരിത ഗൃഹ വാതകത്തിൻറെ പ്രഭാവം കുറയ്ക്കാനും കൂൺ സഹായിക്കും. പശു, പന്നി, കോഴി തുടങ്ങിയവയുടെ തീറ്റയ്ക്കായും ഇത് ഉപയോഗിക്കാം. മൃഗങ്ങളുടെ വളർച്ചക്കും ആരോഗ്യത്തിനും സഹായിക്കുന്ന പ്രോട്ടീൻ, നാരുകൾ മറ്റു പോഷകങ്ങൾ എന്നിവ ഇതിൽ അടങ്ങിയിട്ടുണ്ട്. ഈ മണ്ണ് കൃഷിക്കും പൂന്തോട്ട പരിപാലനത്തിനും ഉപയോഗിക്കാം.

കൂൺ കാലിന്യം കൈകാര്യം ചെയ്യാൻ പല വഴികളുണ്ട്. കന്പോസ്റ്റും ജൈവവള നിർമാണവുമാണ് അതിൽ പ്രധാനം. ജൈവ വസ്തുക്കൾ വിഘടിപ്പിച്ചു മീഥേൻ, കാർബൺ ഡൈഓക്സൈഡ് എന്നിവ പുറത്തുവിടാൻ ഇവയ്ക്കു കഴിയും.

കയർ വ്യവസായ മേഖലയിലെ പ്രധാന പാഴ്വസ്തുവാണു ചകിരിച്ചോർ. കേരളത്തിൽ വർഷംതോറും 2.5 ലക്ഷത്തോളം ടൺ ചകിരിച്ചോർ കുമിഞ്ഞു കൂടുന്നുണ്ടെന്നാണ് കണക്ക്. മറ്റു വസ്തുക്കളെ പോലെ സ്വാഭാവിക കന്പോസ്റ്റിംഗ് ചകിരിച്ചോറിൽ സാധ്യമാകുന്നില്ല.

ഇതിലുള്ള ലിഗ്നിൻ ആണു കാരണം. ലിഗ്നിൻ പെട്ടെന്നു മണ്ണിൽ അഴുകി ചേരില്ല. ഇതിനെ വിഘടിപ്പിക്കാൻ പ്ലൂറോട്ടസ് കൂണുകൾക്ക് കഴിവുണ്ട്. ഇതിനായി തണുപ്പുള്ള ഒരു സ്ഥലം തെരഞ്ഞെടുക്കുക.

ഇവിടെ 100 കിലോ ചകിരിച്ചോർ ഒരേ കനത്തിൽ നിരത്തുക. തുടർന്ന് പ്ലൂറോട്ടസ് കൂൺ വിത്ത് 300 ഗ്രാം വിതറി വീണ്ടും ചകിരിച്ചോർ അതിനു മുകളിൽ നിരത്തുക. അതിനുമേൽ 1 കിലോ യൂറിയ വിതറുക.

ഒരു മീറ്റർ ഉയരം എത്തുന്നതു വരെ ഈ പ്രക്രിയ തുടരുക. ഈർപ്പം ആവശ്യമാണെങ്കിൽ വെള്ളം തളിച്ചു കൊടുക്കുക. ഒരു മാസം കഴിയുന്പോഴേക്കും ചകിരിച്ചോർ വിഘടിച്ചു നല്ലവളമായി മാറും. ലിഗ്നിൻറെ അളവ് 3040 ശതമാനമായി കുറയുകയും ചെയ്യും.

ഈ ചകിരിച്ചോർ വളത്തിൽ പ്രധാന പോഷകമൂലകങ്ങൾ എല്ലാംതന്നെ അടങ്ങിയിട്ടുണ്ട്. 500600 % ഈർപ്പം വലിച്ചെടുത്ത് സൂക്ഷിക്കുന്ന സ്വഭാവം ചകിരിച്ചോറിന് ഉണ്ട് . ഇത് വെള്ളം ഇറങ്ങുന്നതിനും ജലാംശം മണ്ണിൽ നിലനിർത്തുന്നതിനും സഹായകമാണ്.



വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ ഗണേശോൽസവത്തിന് സമാപനം കുറിച്ചുകൊണ്ട് ഗണേശവിഗ്രഹം പുതുവൈപ്പ് ബീച്ചിലെ ആറാട്ടുകടവിൽ നിമജ്ജനം ചെയ്യുന്ന ചടങ്ങിൽ ചലച്ചിത്രതാരം ദേവൻ,തിരക്കഥാകൃത്ത് അഭിലാഷ് പിള്ള,ഗണോശോൽസവ സമിതി ജനറൽ കൺവീനർ ടി.ആർ ദേവൻ തുടങ്ങിയവർ സമീപം





വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ ഗണേശോൽസവത്തിന് സമാപനം കുറിച്ചുകൊണ്ട് ഗണേശവിഗ്രഹം പുതുവൈപ്പ് ബീച്ചിലെ ആറാട്ടുകടവിൽ നിമജ്ജനം ചെയ്യുന്നു.

# ഗണേശോൽസവത്തിന് ഭക്തിസാന്ദ്രമായ സമാപനം; ഘോഷയാത്രയിലും മഹാനിമജ്ജനത്തിലും നൂറുകണക്കിന് വിശ്വാസികൾ പങ്കെടത്തു

**കൊച്ചി:** വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു മാസമായി നടന്നുവരുന്ന ഗണേശോൽസവത്തിന് ഭക്തിസാന്ദ്രമായ സമാപനം.കലൂർ രാജ്യാന്തര സ്റ്റേഡിയം പരിസരത്ത് നിന്നാരംഭിച്ച മഹാനിമജ്ജന ഘോഷയാത്രയിലും പുതുവൈപ്പ് ബീച്ചിലെ ആറാട്ടു കടവിൽ നടന്ന ഗണേശ വിഗ്രഹ നിമജ്ജനത്തിലും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് ഭക്തർ പങ്കെടുത്തു.

വിശ്വഹിന്ദു പരിഷത്ത് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ എറണാകുളം പാവക്കുളം ക്ഷേത്രത്തിലുൾപ്പെടെ ജില്ലയിൽ വിവിധയിടങ്ങളിലായി നിശ്ചയിക്കപ്പെട്ട നൂറു കേന്ദ്രങ്ങളിൽ പ്രത്യേകം തയ്യാറാക്കിയ മണ്ഡപങ്ങളിൽ പ്രതിഷ്ഠിച്ചിരുന്ന ഗണേശ വിഗ്രഹങ്ങൾ ചെറുഘോഷയാത്രകളായിട്ടാണ് കലൂർ സ്റ്റേഡിയം പരിസരത്ത് എത്തിയത്.ഇവിടെ നിന്നും പുതുവൈപ്പിലെ അയോദ്ധ്യപുരം ശ്രീരാമക്ഷേത്രത്തിലേക്ക് ആയിരക്കണക്കിന് ഇരുചക്രവാഹനങ്ങളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ ആരംഭിച്ച മഹാനിമജ്ജന ഘോഷയാത്ര വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി ഫൽഗ് ഓഫ് ചെയ്തു.

വി.എച്ച്.പി ജില്ലാ സെക്രട്ടറി പി കെ ജയേഷ് സംസാരിച്ചു.ഘോഷയാത്രയ്ക്ക് ശേഷം അയോദ്ധ്യപുരം ശ്രീരാമക്ഷേത്രത്തിൽ നടന്ന സാംസ്കാരിക സമ്മേളനത്തിൽ വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി അധ്യക്ഷത വഹിച്ചു.

ചലച്ചിത്രതാരം ദേവൻ, തിരക്കഥാകൃത്ത് അഭിലാഷ് പിള്ള, നടി അമല റോസ് കുര്യൻ,ഗണോശോൽസവ സമിതി ജനറൽ കൺവീനർ ടി.ആർ ദേവൻ,വി.എച്ച്.പി ജില്ലാ പ്രസിഡന്റ് വി.ശ്രീകുമാർ,വിഎച്ച്പി സംസ്ഥാന ഗവേണിംഗ് കൗൺസിലംഗം ആർ ഗിരീഷ് തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് താന്ത്രിക രത്നം ബ്രഹ്മശ്രീ സുകുമാരൻ തന്ത്രികളുടെ നേതൃത്വത്തിൽ നടന്ന പൂജകൾക്കു ശേഷം പുതുവൈപ്പ് ബീച്ചിലെ ആറാട്ടു കടവിൽ ഗണേശ സ്തുതികളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ വിഗ്രഹങ്ങൾ നിമജ്ജനം ചെയ്തു.




കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിങ് എറണാകുളം നിയോജക മണ്ഡലം കൺവെൻഷൻ യൂത്ത് വിങ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ് ഉദ്ഘാടനം ചെയ്യുന്നു

## പോലിസ് സ്റ്റേഷനുകളെ ട്രഷറി സബ്സെന്ററുകളാക്കി മാറ്ററുത്: കെ. വി. വി. എസ് യൂത്ത് വിങ്

**കൊച്ചി:** സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ പോലിസ് സ്റ്റേഷനുകളെ ട്രഷറി സബ്സെന്ററുകളാക്കി മാറ്ററുതെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിങ് എറണാകുളം നിയോജക മണ്ഡലം കൺവെൻഷൻ.

പോലീസുമായി ബന്ധപ്പെട്ട ഏത് ആവശ്യത്തിനും നിരക്ക് അനുസരിച്ച് ഫീസ് അടയ്ക്കണമെന്ന സർക്കാർ ഉത്തരവ് ഉടൻ പിൻവലിക്കണമെന്ന് കൺവെൻഷൻ ഉദ്ഘാടനം ചെയ്ത യൂത്ത് വിങ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ് സർക്കാരിനോട് ആവശ്യപ്പെട്ടു. കൊച്ചി കോർപ്പറേഷനിലെ തെരുവ് കച്ചവടം നിയന്ത്രിക്കണമെന്ന് മേയറോഡ് കൺവെൻഷൻ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ലൈസൻസ് ഫീസ്, വാടക, ടാക്സ്, തൊഴിലാളികളുടെ ശമ്പളം, ക്ഷേമനിധി എന്നിവയൊക്കെ കൊടുത്ത് സ്ഥാപനങ്ങൾ നടത്തുന്ന വ്യാപാരികളെ നോക്കുകുത്തികളാക്കി വഴിയോര കച്ചവടം പൊടിപൊടിക്കുകയാണിപ്പോൾ. ഇത് അംഗീകരിക്കാനാവില്ല. നിയോജകണ്ഡലം സെക്രട്ടറി വി.ജംഷീർ അധ്യക്ഷത വഹിച്ചു. ട്രഷറർ റ്റിജോ തോമസ് ,വൈസ് പ്രസിഡന്റുമാരായ പി.പി ഫൈസൽ,അൻസാരി ചേരാനെല്ലൂർ, സെക്രട്ടറിമാരായ വി.എ ശിഹാബ്,ടെൻസൺ തേവര,ജലീൽ ചിറ്റൂർ,അയ്യൂബ് മുളവുകാട്, ബിനു തേവര, ശാലിക് എളമക്കര തുടങ്ങിയവർ സംസാരിച്ചു.

## ബ്ലഡ് ബാങ്കുകളിൽ നാറ്റ് പരിശോധന നിർബന്ധമാക്കണം: കൊച്ചി ഐ. എം. എ ബ്ലഡ് ബാങ്ക്

**കൊച്ചി:** ആലുവയിൽ രക്തം സ്വീകരിച്ച യുവതിക്ക് ഹെപ്പറ്റൈറ്റിസ് വൈറസ് ബാധിച്ചുവെന്ന റിപ്പോർട്ട് അതീവ ഗൗരവതരവും ഞെട്ടൽ ഉണ്ടാക്കുന്നതുമാണെന്ന് കൊച്ചി ഐ.എം.എ ബ്ലഡ് ബാങ്ക് അധികൃതർ.

40 വർഷമായി പ്രവർത്തിക്കുന്ന ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്കിൽ നിന്നും കഴിഞ്ഞ 10 വർഷമായി നാറ്റ് (Nucleic Acid amplification Testing ) പരിശോധന നടത്തി ഏറ്റവും സുരക്ഷിതമായ രക്തം മാത്രമാണ് സംസ്ഥാനത്തുടനീളം വിതരണം ചെയ്യുന്നത്.

ആലുവയിലെ സംഭവം നാറ്റ് ടെസ്റ്റിന്റെ അനിവാര്യതയാണ് ചൂണ്ടിക്കാണിക്കുന്നത്. ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക് മാതൃകയിൽ ആലുവ ജില്ലാ ആശുപത്രിയിലേതടക്കം സംസ്ഥാനത്തെ മുഴുവൻ സർക്കാർ, സ്വകാര്യ ബ്ലഡ് ബാങ്കുകളിലും നാറ്റ് പരിശോധന സംവിധാനം നിർബന്ധമാക്കണമെന്ന് ഐ.എം.എ കൊച്ചി ബ്ലഡ് അധികൃതർ സർക്കാരിനോട് ആവശ്യപ്പെട്ടു. നാറ്റ് ടെസ്റ്റ് സംവിധാനം ഇല്ലാത്ത ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം തടസപ്പെടാതിരിക്കാൻ സൗജന്യ നിരക്കിൽ കൊച്ചി ഐ.എം.എ ബ്ലഡ് ബാങ്ക് നാറ്റ് ടെസ്റ്റ് നടത്തികൊടുക്കാൻ തയ്യാറാണെന്ന് ബ്ലഡ് ബാങ്ക് സെക്രട്ടറി ഡോ.എം.ഐ. ജുനൈദ് അറിയിച്ചു.

## താൽപര്യപത്രം ക്ഷണിച്ചു

**കൊല്ലം:** കുടുംബശ്രീ ഗുണഭോക്താക്കൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി വ്യത്യസ്തമേഖലയിൽ വൈദഗ്ദ്ധ്യ പരിശീലനം നൽകുന്നതിനായി തൽപരരായ സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചു.

വൈദഗ്ദ്ധ്യ പരിശീലന സ്ഥാപനങ്ങൾ, സംഘടനകൾ, എഫ്.പി.സി, വൈദഗ്ദ്ധ്യ പരിശീലനം നൽകാൻ ശേഷിയുള്ള കുടുംബശ്രീ യൂണിറ്റുകൾ, ദേശീയ നഗര ഉപജീവന മിഷൻ, ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന എന്നീ പദ്ധതിയിൽ വൈദഗ്ദ്ധ്യ പരീശീലനത്തിന് കുടുംബശ്രീ തിരഞ്ഞെടുത്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവർക്ക് അപേക്ഷിക്കാം. സ്ഥാപനങ്ങൾ പ്രവർത്തന റിപ്പോർട്ടും രേഖയും സഹിതം കുടുംബശ്രീ ഇടുക്കി ജില്ലാ മിഷൻ കോഓർഡിനേറ്റർ മുമ്പാകെ നിശ്ചിത ഫോമിൽ ഒക്ടോബർ 4 ന് 5 മണിക്ക് മുമ്പായി അപേക്ഷ സമർപ്പക്കണം.

## സൗജന്യ നേത്ര പരിശോധന

**കൊച്ചി:** ചൈതന്യ കണ്ണാശുപത്രിയിൽ സൗജന്യ നേത്ര പരിശോധന ഈ മാസം 30 വരെ. ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉള്ളവർക്ക് സൗജന്യ തിമിര ശസ്ത്രക്രിയയും, അല്ലാത്തവർക്ക് സൗജന്യ നിരക്കിലും ശസ്ത്രക്രിയകൾ നടത്തും.

മെഡിസെപ്, സി.ജി.എച്.എസ്, സ്വകാര്യ മെഡിക്കൽ ഇൻഷുറൻസ് എന്നിവയും അംഗീകരിക്കുമെന്നും പാലാരിവട്ടം സെന്ററിന്റെ നാലാം വാർഷികം പ്രമാണിച്ചാണ് സൗജന്യ പരിശോധനകൾ സംഘടിപ്പിക്കുന്നതെന്നും പരിശോധനയിൽ പങ്കെടുക്കുന്നതിന് മുൻകൂട്ടി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും സെന്റർ ഹെഡ് ജെറിൻ മാത്യു അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 7994495940 7994495941

# ഭക്ഷ്യസുരക്ഷ പരിശോധന:ജില്ലയിൽ അഞ്ചുമാസത്തിനിടെ14.41 ലക്ഷം രൂപ പിഴ ഈടാക്കി

**കൊച്ചി:** ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ നടക്കുന്ന പരിശോധനയിൽ ഏപ്രിൽ മാസം മുതലുള്ള കാലയളവിൽ 14,41,300 ലക്ഷം രൂപ പിഴ ഈടാക്കി. വൃത്തിഹീനവും ലൈസൻസ് ഇല്ലാതെയും പ്രവർത്തിക്കുന്ന സാഹചര്യത്തിൽ കണ്ടെത്തിയ 208 കടകൾ അടച്ചുപൂട്ടി. സുരക്ഷിതം അല്ലാത്ത സാഹചര്യത്തിൽ പ്രവർത്തിക്കുന്ന 338 സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കി. 430 സ്ഥാപനങ്ങൾക്ക് തിരുത്തൽ നടപടികൾക്ക് നിർദ്ദേശം നൽകി.ജില്ലാ വികസന കമ്മീഷണർ എം. എസ് മാധവിക്കുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന ഭക്ഷ്യസുരക്ഷാ ഉപദേശക സമിതി യോഗത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ജില്ലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഇന്ത്യയുടെ നേതൃത്വത്തിൽ നടക്കുന്ന ഈറ്റ് റൈറ്റ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജില്ലയിൽ പുരോഗമിക്കുകയാണ്. പരിശോധന പൂർത്തിയായ ആലുവ, അങ്കമാലി റെയിൽവേ സ്റ്റേഷനുകൾക്ക് ഈറ്റ് റൈറ്റ് സർട്ടിഫിക്കേഷനുകൾ ലഭ്യമായി. ആലുവ പച്ചക്കറി പഴം മാർക്കറ്റിന് ക്ലീൻ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് മാർക്കറ്റ് സർട്ടിഫിക്കേഷൻ ലഭ്യമായി. മരട് മാർക്കറ്റിന് സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

സ്കൂളുകളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള ഈറ്റ് സ്കൂളിന്റെ ഭാഗമായി പരിശോധന പൂർത്തിയായ ജില്ലയിലെ നാല് സ്കൂളുകൾക്ക് ഈറ്റ് റൈറ്റ് സർട്ടിഫിക്കേഷൻ നൽകി. അഞ്ച് ക്യാമ്പസുകൾക്കും ഈറ്റ് റൈറ്റ് സർട്ടിഫിക്കേഷൻ നൽകി. ആരാധനാലയങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടക്കുന്ന ബോഗ് ( ബിസ്ഫുൾ ഹൈജീൻ ഓഫറിങ് ടു ഗോഡ് ) പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ജില്ലയിലെ രണ്ട് പള്ളികൾക്ക് സർട്ടിഫിക്കേഷൻ നൽകി. ഭക്ഷ്യ സുരക്ഷ, നല്ല ഭക്ഷണശീലങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിൽ വിവിധ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിന്റെ ഭാഗമായി വിവിധ മത്സരയിനങ്ങളുമായി മില്ലറ്റ് മേള, ഈറ്റ് റൈറ്റ് ബൈക്കത്തൺ, യോഗ എന്നിവ സംഘടിപ്പിച്ചിരുന്നു.ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ പി. കെ ജോൺ വിജയകുമാർ, ഫുഡ് സേഫ്റ്റി ഓഫീസർ റാണി ചാക്കോ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കുമ്പളങ്ങിയിൽ പുതിയ അങ്കണവാടിയുടെ ശിലാസ്ഥാപനം നിർവഹിച്ചു



**കൊച്ചി:** കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ 17ാം വാർഡിൽ രണ്ടാമത്തെ അങ്കണവാടിയുടെ ശിലാസ്ഥാപന കർമ്മം പഞ്ചായത്ത് പ്രസിഡന്റ് ലീജാ തോമസ് നിർവഹിച്ചു. കുമ്പളങ്ങി തട്ടാളിത്തറ ഭാഗത്ത് 14,50,000 രൂപ മുതൽമുടക്കിലാണ് 23ാം നമ്പർ അങ്കണവാടി ഒരുങ്ങുന്നത്. 60 ശതമാനം ഫണ്ട് ശിശുക്ഷേമ വകുപ്പും 40 ശതമാനം പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടും ഉപയോഗിച്ചാണ് പദ്ധതി പൂർത്തീകരിക്കുക.ശിശു സൗഹൃദ ഫർണിച്ചറുകൾ, ചുമർ ചിത്രങ്ങൾ, കളി ഉപകരണങ്ങൾ തുടങ്ങി കുട്ടികളെ ആകർഷിക്കുന്ന നിരവധി സംവിധാനങ്ങൾ പുതിയ അങ്കണവാടിയിൽ ഒരുക്കും. കുരുന്നുകൾ ആദ്യക്ഷരം കുറിക്കുന്ന അങ്കണവാടി മൂന്നുമാസത്തിനുള്ളിൽ നിർമ്മിച്ച് നാടിന് സമർപ്പിക്കുമെന്ന് പഞ്ചായത്ത് അധികൃതർ പറഞ്ഞു. നിലവിൽ വാടക കെട്ടിടത്തിലാണ് അങ്കണവാടി പ്രവർത്തിക്കുന്നത്.പഞ്ചായത്ത് വൈസ് പ്രസിഡന്റും വാർഡ് മെമ്പറുമായ പി.എ സഗീർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോബി പനക്കൽ, ബ്ലോക്ക് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സാബു തോമസ്, പഞ്ചായത്ത് മെമ്പർ റീത്ത പീറ്റർ എന്നിവർ പങ്കെടുത്തു.പഞ്ചായത്തിലെ 17ാം വാർഡിൽ ഹൈബി ഈഡൻ എംപിയുടെ നിർദ്ദേശപ്രകാരം സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് പണികഴിപ്പിക്കുന്ന സ്മാർട്ട് അങ്കണവാടി അടുത്തമാസം നിർമ്മാണം പൂർത്തിയാക്കി നാടിനു സമർപ്പിക്കും. സ്പോൺസർഷിപ്പിൽ ലഭിച്ച 2 സെന്റ് സ്ഥലത്ത് 22 ലക്ഷം രൂപയുടെ പദ്ധതി പ്രകാരം നിർമ്മിക്കുന്ന അങ്കണവാടി ആധുനിക നിലവാരത്തിലാണ് പൂർത്തീകരിക്കുക. വാടക കെട്ടിടങ്ങൾ ഒഴിവാക്കി പഞ്ചായത്തിലെ എല്ലാ അങ്കണവാടികളും സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് പഞ്ചായത്ത് പ്രവർത്തിക്കുന്നതെന്ന് വൈസ് പ്രസിഡന്റ് പി.എ സഗീർ പറഞ്ഞു. നിലവിൽ 32 അങ്കണവാടികളാണ് കുമ്പളങ്ങിയിലുള്ളത്.

# മാഞ്ചസ്റ്റർ സിറ്റി നേടിയ നാല് കപ്പുകൾ കൊച്ചി ലുലു മാളിൽ പ്രദർശിപ്പിച്ചു

**കൊച്ചി:** പ്രമുഖ ഫുട്ബോൾ ക്ലബ്ബായ മാഞ്ചസ്റ്റർ സിറ്റി 2022-23 വർഷത്തിൽ നേടിയ ഇംഗ്ലീഷ് പ്രിമീയർ ലീഗ് ട്രോഫി, എഫ്എ കപ്പ്, യുവേഫ ചാംപ്യൻസ് ലീഗ് ട്രോഫി , ഒടുവിൽ നേടിയ യുവേഫ സൂപ്പർ കപ്പ് എന്നിവയാണ് മാളിൽ പ്രദർശിപ്പിച്ചത്. മാഞ്ചസ്റ്റർ സിറ്റിയുടെ മിന്നും നേട്ടങ്ങളായ ഈ ട്രോഫികൾ കാണാൻ ആരാധകരുടെ ഒഴുക്ക് രാത്രിയും തുടർന്നു.ഇംഗ്ലീഷ് പ്രിമിയർ ലീഗ് ഫുട്ബോൾ ക്ലബ് മാഞ്ചസ്റ്റർ സിറ്റിയുടെ ട്രെബിൾ ട്രോഫിയുടെ ലോക പര്യടനത്തിന്റെ ഭാഗമായാണ് ട്രോഫികൾ കൊച്ചിയിൽ എത്തിയത്. ഈ സീസണിലെ 3 പ്രധാന കിരീട നേട്ടമാണ് ട്രെബിൾ ട്രോഫിയായി ആഘോഷിക്കുന്നത്. ആയിരങ്ങൾക്ക് കപ്പിനരികിൽ നിന്ന് ഫോട്ടോയും വീഡിയോയും പകർത്തുവാൻ ലുലു മാളിൽ അവസരം നൽകി. ട്രോഫികളുടെ പ്രദർശനത്തിന്റെ ഭാഗമായി രാവിലെ മുതൽ മാഞ്ചസ്റ്റർ



സിറ്റിയുടെ കോച്ചിംഗ് സ്റ്റാഫ് അഞ്ച് മുതൽ പന്ത്രണ്ട് വയസ്സ് വരെയുള്ളകുട്ടികൾക്ക് ഫുട്ബോൾ പരിശീലനവും നൽകി. മാഞ്ചസ്റ്റർ സിറ്റിയുടെ നേട്ടങ്ങൾക്ക് ചുക്കാൻ പിടിച്ച കോച്ച് പെപ് ഗ്വാർഡിയോളയുടെ രൂപം റുബിക്സ് ക്യൂബിൽ തീർത്തതും കൗതുകമായി മാറി. രാത്രി മാഞ്ചസ്റ്റർ സിറ്റിയുടെ ലൈവ് മാച്ച് പ്രദർശനവും ബിഗ് സ്ക്രീനിൽ പ്രദർശിപ്പിച്ചത് ആവേശമായി.

# സീ പോർട്ട് എയർപോർട്ട് റോഡ് വികസനം; നടപടി ക്രമങ്ങൾ വേഗത്തിലാക്കും



**കൊച്ചി:** സീപോർട്ട് എയർപോർട്ട് റോഡ് രാംഘട്ട വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കും. സീപോർട്ട് എയർപോർട്ട് റോഡ് വികസനം, പുറയാർ റെയിൽവേ എന്നിവയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ വിലയിരുത്തുന്നതിനായി അൻവർ സാദത്ത് എം.എൽ.എയുടെയും ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെയും നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു.

സീപോർട്ട് എയർപോർട്ട് റോഡുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന ഭൂമിയുടെ അതിർത്തി തിരിക്കാനും ഓരോ കക്ഷിയുടെയും ഭൂമിയുടെ വിസ്തീർണം കണക്കാക്കി വില നിർണ്ണയ റിപ്പോർട്ട് കളക്ടർക്ക് നൽകാനും യോഗത്തിൽ തീരുമാനമായി. അതിർത്തി നിർണയവുമായി ബന്ധപ്പെട്ട് സെപതംബർ 28 ന് കീഴ്മാട് വില്ലേജിൽ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും കക്ഷികളെയും ഉൾപ്പെടുത്തി യോഗം ചേരാൻ എം.എൽ.എ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. യോഗത്തിൽ പുറയാർ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളും ചർച്ച ചെയ്തു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് തുക കൈമാറാനുള്ള ശേഷിക്കുന്ന കക്ഷികൾക്ക് ഉടൻ തുക അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ യോഗത്തിൽ തീരുമാനിച്ചു.കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ (എൽ. എ) പി. സിന്ധു, ആലുവ ഭൂരേഖ തഹസിൽദാർ ടോമി സെബാസ്റ്റ്യൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# മാലിപ്പുറത്ത് സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു



**കൊച്ചി:** ആയുഷ്മാൻ ഭവ പരിപാടിയുടെ ഭാഗമായി മാലിപ്പുറം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. നേത്ര ശിശുരോഗ സാമൂഹിക രോഗ വിഭാഗങ്ങളിലായാണ് ക്യാമ്പ് സംഘടിപ്പിച്ചത്. എളംകുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രസികല പ്രിയരാജ് ചടങ്ങിൽ അധ്യക്ഷ വഹിച്ചു. ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സരിത സനിൽ ഉദ്ഘാടനം ചെയ്തു.ക്യാമ്പിൽ മൊത്തം 126 ആളുകൾ പങ്കെടുത്തു.ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. എച്ച് നൗഷാദ്, മാലിപ്പുറം സാമൂഹ്യരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഇൻ ചാർജ് ഡോ. പി.രേണുക, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എ സാജിത് , ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ സമിതി ചെയർമാൻ ഷെൽമ ഹൈസന്റ്, ഏളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് ആരോഗ്യ കാര്യ സമിതി ചെയർമാൻ തെരേസ വോൾഗ ,മാലിപ്പുറം സാമൂഹ്യാരോഗ്യ കേന്ദ്രം ബ്ലോക്ക് പി. ആർ. ഓ പി.എ രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

# സർട്ടിഫൈഡ് ഫിറ്റ്നസ് ട്രെയിനറാവാൻ അവസരം

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ അസാപ് കേരള നടത്തുന്ന സർട്ടിഫൈഡ് ഫിറ്റ്നസ് ട്രെയിനർ പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു പാസായിട്ടുള്ള ഏതൊരാൾക്കും ലിംഗഭേദമെന്യേ അപേക്ഷിക്കാം. കുറുപ്പുംപടിയിലെ അസാപ്പ് കമ്യൂണിറ്റി സ്കിൽ പാർക്കിൽ ആയിരിക്കും പരിശീലനം നടക്കുക.

## നോർക്ക റൂട്ട്സ് 'പ്രവാസി നിക്ഷേപ സംഗമം നവംബറിൽ ; രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** പ്രവാസി സംരംഭകർക്കായുള്ള നോർക്ക ബിസ്സിനസ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ (NBFC) ആഭിമുഖ്യത്തിൽ 'പ്രവാസി നിക്ഷേപ സംഗമം 2023' നവംബറിൽ എറണാകുളത്ത് വച്ച് സംഘടിപ്പിക്കുന്നു. കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് താ്പര്യമുള്ള പ്രവാസി കേരളീയർക്ക് ഒരു വേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് നിക്ഷേപ സംഗമം. നിലവിൽ സംരഭങ്ങൾ ആരംഭിച്ചവർക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കാൻ അവസരമുണ്ടാകും.
ആവശ്യമായ നിക്ഷേപം ലഭ്യമാകാത്തതിനാൽ സംരഭങ്ങൾ ആരംഭിക്കാൻ കഴിയാത്തവർക്ക് തങ്ങളുടെ ബിസിനസ്സ് ആശയം നിക്ഷേപകർക്ക് മുൻപാകെ അവതരിപ്പിക്കാനും വേദിയുണ്ട്. പങ്കെടുക്കാൻ താൽപര്യമുള്ള നിക്ഷേപകരും, സംരഭകരും 2023 ഒക്ടോബർ 15 നു മുൻപായി NBFC യിൽ രജിസ്റ്റർ ചെയ്യേണ്ടതാണ് . ഇതിനായി 04712770534, 8592958677 എന്നീ നമ്പറുകളിലോ,
nbfc.norka@kerala.gov.in, nbfc.coordinator@gmail.com ഇമെയിലുകളിലോ ബന്ധപ്പെടാവുന്നതാണ്. പ്രവാസി സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം നോർക്ക സെന്ററിലാണ് നോർക്ക ബിസ്സിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (NBFC) പ്രവർത്തിവരുന്നത്. കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

## വിർച്വൽ/ ഓഗ്മെന്റഡ് റിയാലിറ്റി കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു

കൊച്ചി: കളമശ്ശേരി അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അസാപ് കേരളയുടെ വിർചൽ/ ഓഗ്മെന്റഡ് ് റിയാലിറ്റി കോഴ്സുകളുടെ പരിശീലനം ആരംഭിക്കുന്നു. നൂതനമായ എ ആർ / വി ആർ റിയാലിറ്റി, സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള യൂണിറ്റി സെർട്ടിഫൈഡ് വി.ആർ ഡെവലപ്പ്!, ആർട്ടിസ്റ്റ് തുടങ്ങിയ കോഴ്സുകളിലാണ് പരിശീലനം. പ്ലസ്ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് തൊഴിലധിഷ്ഠിത കോഴ്സിൽ പങ്കെടുക്കാം. താൽപര്യമുള്ളവർ ൦൦൦.മമൈുസല്യമഹമ.ഴീ.ശി വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. ഫോൺ : 9495219570

## ജൂനിയർ റസിഡന്റ് നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ ജൂനിയർ റസിഡന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. ആറ് മാസകാലയളവിലാണ് നിയമനം. ബി.ഡി.എസ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.താല്പര്യമുള്ളവർ വയസ്സ്, പ്രവർത്തി പരിചയം, യോഗ്യത എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം സെപ്റ്റംബർ 30ന് എറണാകുളം മെഡിക്കൽ സൂപ്രിന്റെ കാര്യാലയത്തിൽ രാവിലെ 10.30 ന് നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേതാണ്. രാവിലെ 10 മുതൽ 10.30 വരെയാണ് രജിസ്ട്രേഷൻ. സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് മുൻഗണന ലഭിക്കും. ഫോൺ :04842754000

## താൽകാലിക അധ്യാപക നിയമനം

**കൊച്ചി:** തിരുവാങ്കുളം ഗവ: ഹൈസ്കൂളിൽ ഇംഗ്ലീഷ് വിഷയത്തിൽ താൽകാലിക അധ്യാപക ഒഴിവിലേയ്ക്കുള്ള ഇന്റർവ്യു സെപ്തംബർ 26 രാവിലെ 11ന് നടക്കും. താല്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സഹിതം വിദ്യാലയ ഓഫീസിൽ ഹാജരാകേതാണ്.

# വിനോദ സഞ്ചാരികളെ ആകർഷിച്ച് കൊച്ചി–പാലയ്ക്കരി ബോട്ട് യാത്ര




**കൊച്ചി:** പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.എൻ.സി കൊച്ചി മറൈൻ ഡ്രൈവ് ജെട്ടിയിൽ നിന്നും കോട്ടയം പാലായ്ക്കരി മത്സ്യഫെഡ് വരെ നടത്തുന്ന ബോട്ട് യാത്ര വിനോദ സഞ്ചാര മേഖലയുടെ ശ്രദ്ധയാകർഷിക്കുന്നു. മൂന്ന് ജില്ലകളെ കോർത്തിണക്കി നടത്തുന്ന ബോട്ട് യാത്രയിൽ എറണാകുളം, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിലെ കായൽ കാഴ്ച്ചകളും, ഉൾനാടൻ ഭംഗിയും ഒരേപോലെ ആസ്വദിക്കുവാനുള്ള സുവർണാവസരമാണ്ഒരുക്കിയിരിക്കുന്നതെന്ന് കെ.എസ്.ഐ.എൻ.സി അധികൃതർ വ്യക്തമാക്കി.ബോട്ട് യാത്ര അവസാനിക്കുന്നത് ചെമ്പിൽ സ്ഥിതിചെയ്യുന്ന പാലയ്ക്കരി മത്സ്യഫെഡ് ഫിഷ്ഫാമിൽ ആണ്. ഏക്കർ കണക്കിന് വിസ്തൃതിയിൽ പരന്നു കിടക്കുന്ന ഫിഷ്ഫാമിൽ പെഡൽബോട്ടുകൾ, തുഴവഞ്ചികൾ, കുട്ടവഞ്ചികൾ, കയാക്കിങ്, മോട്ടർ ബോട്ട് റൈഡ് എന്നിങ്ങനെ വ്യത്യസ്തമാർന്ന ആക്റ്റിവിറ്റീസ് കൂടാതെ ഫിഷ്ഫാർമിൽ നിന്നും തന്നെ അന്നേദിവസം പിടിച്ച മൽസ്യങ്ങൾ ഉൾക്കൊള്ളിച്ച ഫിഷ് കറി, ഫിഷ് ഫ്രൈ ഉച്ചയൂണും ഒരുക്കിയിരിക്കുന്നു. ചൂണ്ടയിടാനുള്ള സൗകര്യങ്ങളും, കുട്ടികൾക്കുള്ള കളി സ്ഥലവും വിനോദ സഞ്ചാരികൾക്ക് ഫിഷ്ഫാമിൽ ലഭ്യമാണ്. ഈ വർഷം ആഗസ്റ്റിൽ ആരംഭിച്ച യാത്ര വളരെ പെട്ടെന്നുതന്നെ വിനോദ സഞ്ചാരികളുടെ ശ്രദ്ധ നേടുകയും, സ്ഥിരമായി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്നു. മിഷേൽ എന്ന ബോട്ട് ഉപയോഗിച്ചാണ് ട്രിപ്പുകൾ ആരംഭിച്ചതെങ്കിലും, ട്രിപ്പുകൾ അധികമായതോടെ നിലവിൽ ക്ളിയോപാട്രാ എന്ന രണ്ടാമത്തെ ബോട്ട് കൂടി സർവീസിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 100 പാസഞ്ചർ കപ്പാസിറ്റി ഉള്ള ഇരുബോട്ടുകളിലും 80 നോൺ ഏ.സി സീറ്റുകളും, 20 ഏ.സി സീറ്റുകളും ലഭ്യമാണ്. ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗ് അംഗീകരിച്ചു, കേരള മാരിടൈം ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത ജലവാഹനങ്ങളിൽ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ എല്ലാ ജീവൻരക്ഷാ ഉപകരണങ്ങളും ഒരുക്കിയിട്ടുണ്ടെന്നും ക.എസ്.ഐ.എൻ.സി അധികൃതർ വ്യക്തമാക്കി. കൊച്ചി പാലായ്ക്കരി ബജറ്റ് ടൂർ പാക്കേജിന് 999 രൂപയാണ് ടിക്കറ്റ് നിരക്ക് (5 വയസ്സുവരെയുള്ള കുട്ടികൾക്ക് ടിക്കറ്റ് ബാധകമല്ല). ഈ ടിക്കറ്റ് നിരക്കിൽ മോട്ടർ ബോട്ട് റൈഡ് ഒഴികെയുള്ള എല്ലാ സൗകര്യങ്ങളും അടങ്ങിയിരിക്കുന്നു. ഈ പാക്കേജ് ടിക്കറ്റ് നിരക്കിലും, ഗ്രൂപ്പായും ബുക്ക് ചെയ്യുവാനുള്ള സൗകര്യം ഒരുക്കിയിരുന്നു. ബുക്കിങ്ങിനായി 98462 11143 / 97446 01234 എന്നീ നമ്പറുകളിൽ ബന്ധപെടാവുന്നതാണെന്നും കെ.എസ്.ഐ.എൻ.സി അധികൃതർ വ്യക്തമാക്കി.

# വി ഗാർഡ് ബിഗ് ഐഡിയ 2023: ദേശീയ മത്സര വിജയികളെ പ്രഖ്യാപിച്ചു

**കൊച്ചി:** മികവുറ്റ യുവ ബിസിനസ്, എഞ്ചിനീയറിങ് പ്രതിഭകളെ കണ്ടെത്താൻ വിഗാർഡ് ഇൻഡസ്ട്രീസ് വർഷംതോറും ദേശീയ തലത്തിൽ നടത്തിവരുന്ന ബിഗ് ഐഡിയ മത്സര വിജയികളെ പ്രഖ്യാപിച്ചു. ഈ വർഷത്തെ ബിഗ് ഐഡിയ ബിസിനസ് പ്ലാൻ മത്സരത്തിൽ ഐഐഎം ട്രിച്ചിയിൽ നിന്നുള്ള അർഷാദ് അലാവുദ്ദീൻ പിംപർ, സൗവിക് മോണ്ഡൽ, ആകാശ് ഹിരുഗഡേ എന്നിവർ ഒന്നാം സ്ഥാനം നേടി. ഐഐഎം കാശിപ്പൂർ ഓം റണ്ണർ അപ്പും എൻഐടിഐഇ മുംബൈ രണ്ടാം റണ്ണർ അപ്പുമായി തെരഞ്ഞെടുത്തു. ഐഐഎം റാഞ്ചി, ടി.എ. പൈ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് മണിപ്പാൽ, ഐഐഎം ബോധ്ഗയ എന്നീ സ്ഥാപനങ്ങൾ പ്രത്യേക ജൂറി പുരസ്ക്കാരം നേടി. 5ജി. എഐ. ഐഒടി പോലുള്ള സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നല്ല നാളേക്കായി ഒരു മൾട്ടി ടാസ്കിംഗ് അടുക്കള എന്ന വിഷയത്തിലാണ് ഈ വർഷത്തെ മത്സരം സംഘടിപ്പിച്ചത്.രാജ്യത്തെ പ്രമുഖ ബിസിനസ് സ്കൂളുകളിൽ നിായി 300 ടീമുകളാണ് മാറ്റുരച്ചത്. അന്തിമ ഘട്ടത്തിലെത്തിയ 31 ടീമുകളിൽ നിന്നാണ് വിജയികളെ തെരഞ്ഞെടുത്തത്. ഒന്നാം സ്ഥാനം നേടിയ ടീമിന് രണ്ടു ലക്ഷം രൂപ സമ്മാനത്തുക ലഭിച്ചു. രണ്ടാം സ്ഥാനത്തിന് ഒരു ലക്ഷം രൂപയും മൂന്നാം സ്ഥാനത്തിന് അര ലക്ഷം രൂപയും, ജൂറി പുരസ്കാര ജേതാക്കൾക്ക് കാൽ ലക്ഷം രൂപയുമാണ് സമ്മാനം.എഞ്ചിനീയറിങ് വിദ്യാർത്ഥികൾക്കായി നടത്തിയ ഈ വർഷത്തെ ബിഗ് ഐഡിയ ടെക്ക് ഡിസൈൻ മത്സരത്തിൽ മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസിൽ നിുള്ള കൃഷ്ണ പ്രസാദ്, അഭിജിത്ത് ജിതേഷ്, വൈഭവ് കൃഷ്ണ ഒന്നാം സ്ഥാനം നേടി. ദ എൽഎൻഎം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫോർമേഷൻ ടെക്നോളജി, ജയ്പ്പൂർ, കോങ്കു എഞ്ചിനീയറിംഗ് കോളേജ് ഈറോഡ് എന്നീ കോളെജുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടി. ജേതാക്കൾക്ക് യഥാക്രമം ഒരു ലക്ഷം, അര ലക്ഷം, കാൽ ലക്ഷം രൂപ എന്നിങ്ങനെ സമ്മാനത്തുകയും വിതരണം ചെയ്തു.ദ എൽഎൻഎം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫോർമേഷൻ ടെക്നോളജി, എൻഐടി റൗർക്കേല എന്നീ സ്ഥാപനങ്ങൾ പ്രത്യേക ജൂറി പുരസ്ക്കാരം നേടി. കൊച്ചിയിൽ നടന്ന ഫൈനൽ മത്സരത്തിൽ അവസാന ഘട്ടത്തിലെത്തിയ ടീമുകൾ അവരുടെ ആശയങ്ങൾ മത്സര ജൂറി സമിതി മുമ്പാകെ അവതരിപ്പിച്ചു. വിഗാർഡിന്റെ ഉന്നത മാനേജ്മെന്റ് പ്രതിനിധികളുമായി സംവദിക്കാനും ആശയങ്ങൾ പങ്കുവയ്ക്കാനും യുവ പ്രതിഭകൾക്ക് അവസരം ലഭിച്ചു. പുരസ്കാര ജേതാക്കൾക്കുള്ള ഉപഹാരങ്ങൾ വിഗാർഡ് ഇൻസ്ട്രീസ് ലിമിറ്റഡ് എമിറൈറ്റസ് ഓഫ് വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി വിതരണം ചെയ്തു.



## അടിത്തട്ടിൽ ഫുട്ബോൾ വികസനം ലക്ഷ്യം ;

# കെ.എഫ്.എ കേരള യൂത്ത് ഡെവലപ്മെന്റ് പ്രോജക്റ്റ് പ്രഖ്യാപിച്ചു



**കൊച്ചി:** കേരളത്തിലെ ഫുട്ബോളിന്റെ സമഗ്രമായ വികസനം ലക്ഷ്യമിട്ട് കേരള ഫുട്ബോൾ അസോസിയേഷൻ കേരള യൂത്ത് ഡെവലപ്മെന്റ് പ്രൊജക്റ്റ് എന്ന പേരിൽ പുതിയ സംരംഭം പ്രഖ്യാപിച്ചു. ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ വിഷൻ 2047ന്റെ ഭാഗമായി പ്രഖ്യാപിച്ച പദ്ധതിയിലൂടെ, കേരളത്തിലെ 14 ജില്ലകളെയും ക്ലബ്ബുകളെയും അക്കാദമികളെയും ഉൾപ്പെടുത്തി 2023 നവംബർ ഒന്ന് മുതൽ തുടർച്ചയായ മത്സരങ്ങളാണ് ലക്ഷ്യമിടുന്നത്. ചെറിയ കുട്ടികൾ മുതൽ യുവകളിക്കാരിലേക്ക് വരെ ഫുട്ബോൾ കളിയുടെ എല്ലാവിധ സൗകര്യങ്ങളും ഉറപ്പുവരുത്തി 2500ൽപരം മത്സരങ്ങൾ കേരള യൂത്ത് ഡെവലപ്മെന്റ് പ്രൊജക്റ്റിന്റെ ഭാഗമായി സംഘടിപ്പിക്കും.ഏകദേശം നൂറിലേറെ ക്ലബ്ബുകളും അക്കാദമികളും പദ്ധതിയുടെ ഭാഗമാവും. 13 വയസ് മുതൽ 19 വയസ് വരെയുള്ള കളിക്കാർക്ക് വേണ്ടി നിരന്തരമായ മത്സരങ്ങൾ നടത്തുന്നത് ഓരോ പ്രായ വിഭാഗത്തിലും മികച്ച കളിക്കാരെ കണ്ടെത്തുന്നതിന് വഴിയൊരുക്കും. ഈ താരങ്ങൾക്ക് മികച്ച രീതിയിൽ നടത്തുന്ന അക്കാദമികളുടെ സഹായത്തോടെ നാല് റസിഡൻഷ്യൽ അക്കാദമി പ്രോജക്ടുകളിലായി വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പരിശീലനവും നൽകും. ഇത്തരത്തിൽ പരിശീലനം ലഭിക്കുന്ന കളിക്കാരിൽ മികവ് പുലർത്തുന്നവർക്ക് ഐ ലീഗ്, ഐ എസ്എൽ ക്ലബ്ബുകളിലും, മറ്റു വിദേശ ക്ലബ്ബുകളിലും കളിക്കാൻ അവസരം ഉണ്ടാക്കുകയെന്ന ഉദ്ദേശലക്ഷ്യവും കേരള യൂത്ത് ഡെവലപ്മെന്റ് പ്രൊജക്റ്റിനുണ്ട്. നിരന്തര മത്സര പരിചയം ദേശീയ മത്സരത്തിന് ഓരോ പ്രായത്തിലും മികച്ച കളിക്കാരെ ഉൾപ്പെടുത്തിയുള്ള കേരള ടീമിന്റെ തിരഞ്ഞെടുപ്പ് എളുപ്പമാക്കുമെന്നാണ് കേരള ഫുട്ബോൾ അസോസിയേഷൻ പ്രതീക്ഷിക്കുന്നത്. ദേശീയ ചാമ്പ്യൻഷിപ്പുകളിൽ കേരള ടീമിന്റെ മികച്ച പ്രകടനം ഉറപ്പുവരുത്താനും ഇതുവഴി സാധിക്കും.5 വയസ് മുതൽ 12 വയസ് വരെയുള്ള കുട്ടികളെ ഫുട്ബോളിലേക്ക് ആകർഷിക്കുന്നതിന് ബ്ലൂ കബ്സ് എന്നപേരിൽ ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ ബേബി ലീഗ് മത്സരങ്ങൾ 14 ജില്ലകളിൽ നടത്താനും തീരുമാനിച്ചതായി കെ.എഫ്.എ അറിയിച്ചു. ബേബി ലീഗിൽ 1750ലേറെ മത്സരങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. വർഷത്തിൽ ഒരുകുട്ടിക്ക് 25 മത്സരങ്ങളോളം കളിക്കുവാൻ ഇതിലൂടെ അവസരമുണ്ടാവും.ടൂർണമെന്റ് വിജയികൾക്ക് ചാക്കോള ഗോൾഡ് ട്രോഫി എന്ന പേരിലുള്ള ട്രോഫിയും സമ്മാനിക്കും.നേരത്തെ കേരളത്തിൽ നിലനിന്നിരുന്ന പ്രശസ്ത ടൂർണമെന്റിന് നൽകിയിരുന്നു ട്രോഫിയായിരുന്നു ഇത്. ഒരു എവർ റോളിങ് ട്രോഫി എന്ന നിലയിൽ ഇതിനെ നിലനിർത്തും. ഓരോ കാറ്റഗറിയിലെയും വിജയികൾക്ക് ട്രോഫിയുടെ പകർപ്പ് സ്ഥിരമായി സൂക്ഷിക്കാനാനും. കേരള യൂത്ത് ഡെവലപ്മെന്റ് പ്രൊജക്റ്റിന്റെ ഭാഗമായുള്ള  ചാക്കോള ഗോൾഡ് ട്രോഫിയുടെ പ്രദർശന ഉദ്ഘാടനം ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി ദത്തുക്ക് സെരി വിൻസർ ജോൺ നിർവഹിച്ചു. കൊച്ചി ലേ മെറിഡിയൻ ഹോട്ടലിൽ നടന്ന ചടങ്ങിൽ കായിക വകുപ്പ് മന്ത്രി വി.അബ്ദുറഹ്മാൻ കേരള യൂത്ത് ഡെവലപ്മെന്റ് പ്രൊജക്ടിന്റെ ലോഗോയും, ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ സെക്രട്ടറി ജനറൽ ഡോ.ഷാജി പ്രഭാകരൻ പ്രോജക്റ്റിന്റെ ബ്രൗഷറും പ്രകാശനം ചെയ്തു. കേരള ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് നവാസ് മീരാൻ അധ്യക്ഷത വഹിച്ചു. അസോസിയേഷൻ ട്രഷറർ ഡോ.റെജിനോൾഡ് വർഗീസ്,ജനറൽ സെക്രട്ടറി അനിൽകുമാർ പി സംസാരിച്ചു.

# ഫാം പ്ലാൻ അധിഷ്ഠിത മാതൃകാ കൃഷിത്തോട്ടം ഒരുക്കൽ തുടങ്ങി

**കൊച്ചി:** 'ഞങ്ങളും കൃഷിയിലേക്ക്' എന്ന കൃഷിവകുപ്പിന്റെ സമഗ്ര കാർഷിക വികസന പദ്ധതിയുടെ ഭാഗമായി കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ ഫാം പ്ലാൻ അധിഷ്ഠിത മാതൃകാ കൃഷിത്തോട്ടം ഒരുക്കൽ തുടങ്ങി. പത്തു കർഷകരുടെ കൃഷിയിടങ്ങളിലായി 10 യൂണിറ്റുകളാണ് പ്രാരംഭ ഘട്ടത്തിൽ മാതൃകാ പ്രദർശനത്തോട്ടങ്ങളാക്കി മാറ്റുന്നത്. തത്തപ്പിള്ളിയിലെ മികച്ച കർഷകനായ ഷൈൻ വലിയാറയുടെ കൃഷിയിടത്തിൽ  വ്യാവസായികാടിസ്ഥാനത്തിൽ റെഡ് ലേഡി പപ്പായയും , ജാതിയും , കവുങ്ങും , റംബൂട്ടാനും പദ്ധതി പ്രകാരം പുതുതായി കൃഷിയാരംഭിച്ചു. നടീൽ ഉദ്ഘാടനം കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിജ വിജു ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്തംഗം എ. എ സുമയ്യ ടീച്ചർ അദ്ധ്യക്ഷത വഹിച്ചു.കൃഷിയിടത്തിനനുയോജ്യമായ ഫാം പ്ലാൻ സമഗ്രമായി തയാറാക്കി അതിലൂടെ മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുകയും വിദഗ്ധരുടെ നിർദ്ദേശത്തോടു കൂടി ഫാം പ്ലാൻ തയാറാക്കി അനുയോജ്യ ഘടകങ്ങൾ ഉപയോഗപ്പെടുത്തിയുള്ള സംയോജിത കൃഷിയിടം രൂപപ്പെടുത്തിയെടുത്ത് കർഷകരുടെ വരുമാനം പരമാവധിയാക്കുവാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.  അതിനാവശ്യമായ സാങ്കേതിക വിദഗ്ധരുടെ സേവനവും ആവശ്യമായ പരിശീനവും, ഫണ്ട് കണ്ടെത്തുന്നതിനുള്ള  സഹായവും പദ്ധതിയിൽ



ഉറപ്പുവരുത്തിട്ടുണ്ട്.കർഷകർക്കാവശ്യമായ സാധന സേവനങ്ങളും, സമയോചിതമായി നൽകി കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി ബ്ലോക്കടിസ്ഥാനത്തിൽ ഫാർമർ പ്രൊഡ്യൂസർ കമ്പനിയിലൂടെ വിറ്റഴിക്കും. ഇതിനായി കാർഷിക സർവ്വകലാശാലയും മറ്റു ഗവേഷണ ധനകാര്യ സ്ഥാപനങ്ങളേയും യോജിപ്പിച്ചുള്ള ഒരു നടത്തിപ്പ് സംവിധാനമാണ് കൃഷി വകുപ്പ് ഒരുക്കിയിരിക്കുന്നത്.ചടങ്ങിൽ ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അംഗം സുനിതാ ബാലൻ , കൃഷിഓഫീസർ അതുൽ ബി മണപ്പാടൻ , കൃഷിഅസിസ്റ്റന്റ് എസ്. കെ ഷിനു  കർഷകർ തുടങ്ങിയവർ സന്നിഹിതരായി.

## ഐഫോൺ 15 വാങ്ങുന്ന ജിയോ ഉപഭോക്താക്കൾക്ക് സ്പെഷ്യൽ ഓഫർ

**കൊച്ചി:** റിലയൻസ് റീട്ടെയിൽ സ്റ്റോറുകൾ, റിലയൻസ് ഡിജിറ്റൽ ഓൺലൈൻ അല്ലെങ്കിൽ ജിയോമാർട്ട് എന്നിവയിൽ നിന്ന് ഐഫോൺ 15 വാങ്ങുന്ന ഉപഭോക്താക്കൾക്ക് 6 മാസത്തേക്ക് പ്രതിമാസം 399 രൂപയുടെ കോംപ്ലിമെന്ററി പ്ലാൻ ലഭിക്കുമെന്ന് ജിയോ അധികൃതർ വ്യക്തമാക്കി. അതായത് 2,394 രൂപയുടെ കോംപ്ലിമെന്ററി ആനുകൂല്യങ്ങൾ ജിയോ നൽകുന്നു. കൂടാതെ 3 ഏത്യ/ദിവസം, അൺലിമിറ്റഡ് വോയ്സ്, 100 ടങട/ദിവസം എന്നിവയും ലഭ്യമാകും.149 അല്ലെങ്കിൽ അതിന് മുകളിലുള്ള പ്ലാനുകളിലെ പുതിയ പ്രീപെയ്ഡ് ആക്ടിവേഷനുകൾക്ക് ഈ ഓഫർ ബാധകമാണ്. ഈ ഓഫർ ലഭിക്കാൻ ജിയോ ഇതര ഉപഭോക്താക്കൾക്ക് പുതിയ സിം എടുക്കുകയോ മൊബൈൽ നമ്പർ പോർട്ട് ചെയ്യുകയോ ചെയ്യാം. ഓഫർ 2023 സെപ്റ്റംബർ 22ണ് ന്  ആരംഭിച്ചു. ഒരു ഐ ഫോൺ 15 നിൽ ഒരു പുതിയ പ്രീപെയ്ഡ് ജിയോ സിം ഇട്ടുകഴിഞ്ഞാൽ, കോംപ്ലിമെന്ററി ഓഫർ നിങ്ങളുടെ മൊബൈൽ കണക്ഷനിൽ 72 മണിക്കൂറിനുള്ളിൽ ഓട്ടോ ക്രെഡിറ്റ് ആയിരിക്കും. ഓഫർ ക്രെഡിറ്റ് ചെയ്തുകഴിഞ്ഞാൽ യോഗ്യരായ ഉപഭോക്താക്കളെ എസ്എംഎസ് അല്ലെങ്കിൽ ഇമെയിൽ വഴി അറിയിക്കും. ഐഫോൺ 15 നിൽ മാത്രമേ കോംപ്ലിമെന്ററി പ്ലാൻ പ്രവർത്തിക്കൂവെന്നും ജിയോ അധികൃതർ അറിയിച്ചു.

## 'മെസിക്കൊപ്പം മെസിയോളം' ഐ.എം വിജയൻ പ്രകാശനം ചെയ്തു



**കൊച്ചി:** ഖത്തർ ലോകകപ്പ് റിപ്പോർട്ടിങ്ങിന്റെ സുന്ദരനിമിഷങ്ങൾ വിവരിക്കുന്ന 'മെസിക്കൊപ്പം മെസിയോളം' ബുക്കിന്റെ പ്രകാശനം ഫുട്ബോൾ ഇതിഹാസം ഐ.എം വിജയൻ കൊച്ചിയിൽ നിർവ്വഹിച്ചു.മാധ്യമപ്രവർത്തകനും ഖത്തർ ലോകകപ്പ് നേരിട്ട് റിപ്പോർട്ട് ചെയ്യുകയും ചെയ്ത എം. നിഖിൽ കുമാറാണ് പുസ്തകം എഴുതിയിരിക്കുന്നത്. കൈപ്പട പബ്ലീഷിങ് ഗ്രൂപ്പാണ് പുസ്തകം പുറത്തിറക്കിയിരിക്കുന്നത്.ഖത്തർ ലോകകപ്പ് വിശേഷങ്ങൾക്കൊപ്പം ഒരു മെസി ആരാധകന്റെ ഫുട്ബോൾ അനുഭവങ്ങളും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടു. യാത്രയുടെ ആരംഭം മുതൽ മെസി വിജയക്കപ്പുയർത്തുന്ന സ്വപ്ന നിമിഷംവരെ വായനക്കാരെ പിടിച്ചിരുത്തുമെന്ന് ഐ.എം വിജയൻ പറഞ്ഞു.ചടങ്ങിൽ കൈപ്പട ഗ്രൂപ്പ് മാനേജിങ് പാർട്ണേഴ്സ് ബിബിൻ വൈശാലി,  സരുൺ പുൽപ്പള്ളി പങ്കെടുത്തു.

# യുവജനങ്ങൾക്കായി ഉപന്യാസരചന, പ്രസംഗ മത്സരങ്ങൾ

**കൊച്ചി:** ഹിന്ദി പക്ഷാചരണ പരിപാടികളുടെ ഭാഗമായി  നെഹ്റു യുവകേന്ദ്ര യുവജനങ്ങൾക്കായി  സംസ്ഥാന തലത്തിൽ ഉപന്യാസരചന, പ്രസംഗ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. 'ഹിന്ദി ഔർ ഭാരതീയ ഭാഷാ വോം കാ സമ്പർക്ക്' ( ഹിന്ദിയും മറ്റു ഭാരതീയ ഭാഷകളുമായുള്ള മൈത്രിയും) എന്ന വിഷയത്തിലാണ് ഉപന്യാസ രചന മത്സരവും 'കേരള മേം ഹിന്ദി കി ഫൈലാവ്' (കേരളത്തിൽ ഹിന്ദിയുടെ വ്യാപനം) എന്ന വിഷയത്തിലാണ്  പ്രസംഗ മത്സരവും നടത്തുന്നത് . അഞ്ചു മിനിറ്റിൽ കുറവ് ദൈർഘ്യമുള്ള പ്രസംഗത്തിന്റെ വീഡിയോയും അഞ്ചു പേജിൽ കവിയാതെ തയ്യാറാക്കിയ സ്കാൻ ചെയ്ത ഉപന്യാസവും സെപ്റ്റംബർ 27 നു മുമ്പായി sdnykskerala@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയക്കണം. വിജയികൾക്ക് യഥാക്രമം 1500, 1000, 750 രൂപയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ലഭിക്കും. കൂടുതൽ വിവരങ്ങൾ സ്റ്റേറ്റ് ഡയറക്ടർ, നെഹ്റു യുവകേന്ദ്ര സംഘാതൻ, തൈക്കാട് പി.ഓ, തിരുവനന്തപുരം,14 എന്ന വിലാസത്തിൽ ബന്ധപ്പെടുക.ഫോൺ: 9447632362

# പോളണ്ടിലും ലുലു ഗ്രൂപ്പ് പ്രവർത്തനം വ്യാപിപ്പിക്കുന്നു



**വാഴ്സാ:** മധ്യയൂറോപ്പ്യൻ ദേശത്തുംസാന്നിദ്ധ്യം ശക്തമാക്കി ലുലുഗ്രൂപ്പ്. വടക്കൻ ഇറ്റലിക്ക് പുറമേ പോളണ്ടിലും പുതിയ പദ്ധതികൾക്ക് ധാരണയായി. പോളണ്ടിന്റെ കാർഷിക മേഖലയ്ക്ക് കൂടി കൈത്താങ്ങാകുന്ന പദ്ധതികൾക്കാണ് ലുലു തുടക്കമിട്ടിരിക്കുന്നത്. വികസന നയങ്ങളുടെ ഭാഗമായി രണ്ട് നിർണ്ണായക കരാറുകളിൽ പോളണ്ട് സർക്കാരുമായി ലുലു ഗ്രൂപ്പ് ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു.രണ്ടായിരത്തിലധികം തടാകങ്ങളുള്ളതും പോളണ്ടിന്റെ വടക്കൻ പ്രദേശമായ മസൂറിയൻ ലേക്ക് ഡിസ്ട്രിക്റ്റിലേക്ക് മിഴി തുറക്കുന്ന ഓൾസ്റ്റെൻ മസൂറി എയർപോർട്ടിലാണ് ലുലു ഗ്രൂപ്പിന്റെ മധ്യയൂറോപ്പ്യൻ മേഖലയിലെ പുതിയ പദ്ധതി. ലോവർ വിസ്റ്റുല മുതൽ പോളണ്ട് റഷ്യ അതിർത്തി വരെ വ്യാപിച്ചുകിടക്കുന്ന അതിമനോഹരമായ ലേക്ക് ഡിസ്ക്രട്രിക്റ്റിൽ നിന്നുള്ള നവീനമായ പഴങ്ങൾ, പച്ചക്കറികൾ, മറ്റ് ഭക്ഷ്യഉൽപ്പന്നങ്ങൾ എന്നിവ ശേഖരിച്ച് കയറ്റുമതി ചെയ്യുന്ന ഭക്ഷ്യസംസ്കരണ കയറ്റുമതി കേന്ദ്രമാണ് ഇവിടെ തുറക്കുക. മധ്യയൂറോപ്പ്യൻ മേഖലയിലെ ഏറ്റവും സ്വാദിഷ്ഠമായ ബെറി, ആപ്പിൾ, ചീസ് മുതൽ പചക്കറി, ഇറച്ചി ഉൽപ്പന്നങ്ങൾ വരെ ഈ ഭക്ഷ്യസംസ്കാരണ കയറ്റുമതി കേന്ദ്രത്തിലൂടെ ഇന്ത്യ, മിഡിൽ ഈസ്റ്റ് അടക്കമുള്ള മേഖലയിൽ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ദൗത്യം. പോളണ്ടിലെ കർഷകർക്കും സഹകരണ സംഘങ്ങൾക്കും സഹായകരമാകുന്നത് കൂടിയാണ് പദ്ധതി.പോളണ്ടിലെ വിവിധയിടങ്ങളിൽ നിക്ഷേപപദ്ധതികൾ വിപുലമാക്കുന്നതിന് വഴിതുറക്കുന്ന ധാരണാപത്രത്തിൽ പോളിഷ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ട്രേഡ് ഏജൻസിയും ലുലു ഗ്രൂപ്പും ഒപ്പുവച്ചു. പോളണ്ടിൽ ലുലു ഗ്രൂപ്പിന്റെ നിക്ഷേപസാധ്യതകൾ സുഗമമാക്കുന്നതിനും പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനുമായാണ് ധാരണ. പദ്ധതിയുടെ ആദ്യ ഫ്ളാഗ് ഓഫ്, ഓൾസ്റ്റിൻ മസൂറി എയർപോർട്ട് മാനേജ്മെന്റ് ബോർഡ് പ്രസിഡന്റ് വിക്ടർ വോജ്സിക്കിന്റെ സാന്നിധ്യത്തിൽ വാർമിൻസ്കോമസുർസ്കി റീജിയൻ ഗവർണർ ഗുസ്റ്റോ മാരേക് ബ്രെസിൻ, ലുലു ഗ്രൂപ്പ് ചെയർമാൻ യൂസഫ് അലി എം.എ എന്നിവർ ചേർന്ന് നിർവ്വഹിച്ചു.പോളണ്ടിലെ യുഎഇ അംബാസഡർ മുഹമ്മദ് അൽ ഹർബി, യുഎഇയിലെ പോളണ്ട് അംബാസഡർ ജാക്കൂബ് സ്ലാവെക്, ലുലു ഗ്രൂപ്പ് ഡയറക്ടർ മുഹമ്മദ് അൽത്താഫ്, പോളിഷ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ട്രേഡ് ഏജൻസിയിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും ചടങ്ങിൽ ഭാഗമായി. ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുന്നതിന്റെ ഭാഗമായി പോളണ്ടിലെ കാർഷിക സഹകരണ സംഘങ്ങളുമായി ലുലു ഗ്രൂപ്പ് കൂടിക്കാഴ്ചയും നിശ്ചയിച്ചിട്ടുണ്ട്.കർഷകർക്ക് മികച്ച വില ഉറപ്പാക്കി കാർഷിക മേഖലയിൽ നിന്ന് നേരിട്ട് സംഭരിച്ച് ലോകത്തെ വിവിധയിടങ്ങളിലുള്ള ലുലു ഹൈപ്പർമാർക്കറ്റുകളിൽ മധ്യയൂറോപ്പ്യൻ മേഖലയിലെ ഭക്ഷ്യഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുകയാണ് പോളണ്ടിലെ പദ്ധതിയിലൂടെ ലുലു. ആദ്യഘട്ടമായി 50 മില്യൺ യൂറോയുടെ കയറ്റുമതിയാണ് ലുലു ഗ്രൂപ്പ് ലക്ഷ്യമിടുന്നത്. തുടർന്നുള്ള കാലയളവിൽ കയറ്റുമതിയുടെ തോത് വർധിപ്പിച്ച് വലിയ കയറ്റുമതി സാധ്യതകൂടിയാണ് തുറക്കുന്നത്. പ്രദേശികമായി നിരവധി പേർക്ക് പുതിയ തൊഴിലവസരം ഒരുങ്ങും.ഭക്ഷ്യസുരക്ഷാപ്രോത്സാഹനത്തിനുള്ള ലുലുവിന്റെ ചുവടുവയ്പ്പിന്റെ ഭാഗമായാണ് യൂറോപ്പിലെ പദ്ധതികളെന്ന് വാർസോയിലെ പ്രസിഡൻഷ്യൽ പാലസിൽ നടന്ന ഉന്നതതല യോഗത്തിന് ശേഷം ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി പറഞ്ഞു.അന്താരാഷ്ട്ര തലത്തിൽ സ്ഥിരതയുള്ള ഭക്ഷ്യഉൽപ്പന്ന വിതരണശ്രംഖലയാണ് ലുലുവിന്റെ ലക്ഷ്യം. ഇതിന്റെ തുടർച്ചയായാണ് യൂറോപ്പിലും ഭക്ഷ്യസംസ്കരണ കയറ്റുമതി കേന്ദ്രങ്ങൾ തുറക്കുന്നത്. പോളിഷ് ഉൽപന്നങ്ങൾ മിതമായ നിരക്കിൽ നേരിട്ട് വിവിധയിടങ്ങളിലുള്ള ലുലു ഹൈപ്പർമാർക്കറ്റുകളിൽ എത്തിക്കാനാകും. പോളണ്ടിലെ കാർഷിക മേഖലയ്ക്ക് കൂടി കൈത്താങ്ങാകുന്നതാണ് പദ്ധതിയെന്നത് ഏറെ സന്തോഷം നൽകുന്നു പോളണ്ടിലെ ലുലുവിന്റെ നിക്ഷേപപദ്ധതികളെ പ്രശംസിച്ച പോളണ്ട് പ്രസിഡന്റിന്റെ ഉപദേഷ്ടാവ സിഡ്സിസ്ലോ സോകാൽ, പ്രാദേശിക വികസനത്തിന് കൂടി വഴിവയ്ക്കുന്ന ഇത്തരം പദ്ധതികൾ നാടിന്റെ കൂടി ആവശ്യമാണെന്നും കൂട്ടിചേർത്തു.ഡിജിറ്റൽ കാര്യ മന്ത്രി ജാനുസ് സിസിൻസ്കി, വികസന മന്ത്രി വാൾഡെമർ ബുദ എന്നിവരുമായും ലുലു ഗ്രൂപ്പ് ചെയർമാൻ കൂടിക്കാഴ്ച്ച നടത്തി.

## ഏകദിന ശിൽപശാല 25ന്

**തിരുവനന്തപുരം:** തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഏകദിനശില്പശാല സെപ്റ്റംബർ 25ന് തിരുവനന്തപുരത്ത് നടക്കും. രാവിലെ 10 ന് തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി ശിൽപ ശാല ഉദ്ഘാടനം ചെയ്യും. ആദ്യഘട്ടത്തിൽ കേരള മോട്ടോർ തൊഴിലാളി, നിർമ്മാണ തൊഴിലാളി,അബ്കാരി തൊഴിലാളി, കള്ള് വ്യയവസായ തൊഴിലാളി, അസംഘടിത തൊഴിലാളി,ചുമട്ടു തൊഴിലാളി, തയ്യൽ തൊഴിലാളി,കേരള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി എന്നിങ്ങനെ എട്ടു ബോർഡുകളെ ഉൾപ്പെടുത്തിയ ശിൽപശാലയാണ് സംഘടിപ്പിക്കുക.ബോർഡുകളുടെ പ്രവർത്തന അവലോകനവും ശില്പശാലയോടനുബന്ധിച്ച് നടക്കും. എളമരം കരീം എംപിയുടെ അധ്യക്ഷതയിൽ ഹോട്ടൽ ഹൈസിന്തിൽ ചേരുന്ന യോഗത്തിൽ. തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി അജിത്കുമാർ, ലേബർ കമ്മിഷണർ ഡോ കെ വാസുകി,വിവിധ തൊഴിലാളി സംഘടനകളെ പ്രതിനിധീകരിച്ച് ആർ ചന്ദ്രശേഖരൻ, കെ പി രാജേന്ദ്രൻ, ജി കെ അജിത്, അഡ്വ എം റഹ്മത്തുള്ള, തോമസ് വിജയൻ, ടോമി മാത്യു എന്നിവരും വിവിധ ബോർഡുകളുടെ ചെയർമാൻമാർ, സി ഇ ഒ മാർ, ബോർഡ് അംഗങ്ങൾ, വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും സംബന്ധിക്കും.

## ലിവൈസ് പുതിയ കളക്ഷൻ പുറത്തിറക്കി




**കൊച്ചി:** ഐക്കണിക്ക് ബ്രാൻഡ് ആയ ലിവൈസ് തങ്ങളുടെ ഏറ്റവും പുതിയ കളക്ഷൻ പുറത്തിറക്കി. പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ള അയഞ്ഞ ബാഗി ഫിറ്റുകളുടെ വിപുലീകരിച്ച ശ്രേണികൾ, ഓവർ ഡൈഡ് & കളർ ജീൻസ് കാർഗോ പാന്റ്സ് മുതൽ ചിനോസ് വരെ, വാഴ്സിറ്റി ജാക്കറ്റുകൾ മുതൽ സ്വെറ്റ്ഷർട്ടുകൾ, യുവതികൾക്കായി മനോഹരമായ ബ്ലൗസുകൾ, യുവാക്കൾക്കായി സ്റ്റേറ്റ്മെന്റ് ഷർട്ടുകൾ തുടങ്ങിയ ഓൺട്രെൻഡ് ഉൽപ്പന്നങ്ങളാണ് ലിവൈസ് പുറത്തിറക്കിയിരിക്കുന്നത്. ഇതിനോട് അനുബന്ധിച്ച് ലിവൈസ് ബ്രാൻഡ് അംബാസഡർ ദീപിക പദുക്കോൺ അഭിനയിക്കുന്ന 'ഫോർ നൗ, ഫോർ ലൈഫ് ടൈം' എന്ന വിഡിയോ കാമ്പയിനും ബ്രാൻഡ് പുറത്തിറക്കി. ഈ ലിവൈസ് ഉൽപ്പന്നങ്ങൾ ഇപ്പോൾ ഘല്ശ.ശി, ലിവൈസ് സ്റ്റോറുകളിൽ ലഭ്യമാണ്.നീല ജീൻസ്, എല്ലാ സീസണുകൾക്കുമുള്ള ട്രക്കർ ജാക്കറ്റ്, എല്ലാവർക്കും വളരെയധികം ഇഷ്ടപ്പെട്ട ഗ്രാഫിക് ടീസ് എന്നിവയാണ് കാമ്പയിനിൽ അവതരിപ്പിക്കുന്ന മറ്റു വസ്ത്രങ്ങളെന്ന് ലെവി സ്ട്രോസ് ആൻഡ് കമ്പനി ദക്ഷിണേഷ്യമിഡിൽ ഈസ്റ്റ്, ആഫ്രിക്ക, യൂറോപ്യൻ യൂണിയൻ ഇതര മാർക്കറ്റുകളുടെ (SAMEA) സീനിയർ വൈസ് പ്രസിഡന്റും മാനേജിംഗ് ഡയറക്ടറുമായ അമിഷാ ജെയിൻ പറഞ്ഞു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
CUSTOMER SATISFACTION 100% GUARANTEED
CERTIFIED ISO 9001
LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663